2023
NOVEMBER
29
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# പുതുജീവനിലേക്ക്; തുരങ്കത്തിൽ കുടുങ്ങിയ 41 തൊഴിലാളികളെയും പുറത്തെത്തിച്ചു

**ഉത്തരകാശി:** പ്രതിസന്ധികളെ പരിശ്രമം കൊണ്ടു തോൽപ്പിച്ച രക്ഷാപ്രവർത്തകരും അനിശ്ചിതത്വത്തെ മനക്കരുത്തുകൊണ്ട് മറികടന്ന തൊഴിലാളികളും ചേർന്നപ്പോൾ സിൽക്യാര തുരങ്കത്തിൽ കുടുങ്ങിയ 41 പേരും സുരക്ഷിതരായി ജീവിതത്തിലേക്ക്. വൈകിട്ട് ഏഴു മണിയോടെ തുരങ്കകവാടത്തിൽ ഇരുട്ടുപരന്നു തുടങ്ങിയപ്പോൾ തൊഴിലാളികൾ രക്ഷാകവാടത്തിലൂടെ പുതുവെളിച്ചം കണ്ടു. 17 ദിവസമായി രാജ്യമാകെ നടന്ന പ്രാർഥനകൾ സഫലം.

7.05നാണ് ആദ്യ തൊഴിലാളിയെ പുറത്തെത്തിച്ചത്. ഒന്നേമുക്കാൽ മണിക്കൂർ കൊണ്ട് മറ്റുള്ളവരും പുറത്തെത്തി. പൈപ്പ് സ്ഥാപിച്ചുണ്ടാക്കിയ രക്ഷാമാർഗത്തിലൂടെ പുറത്തെത്തിയ തൊഴിലാളികളെ സഹപ്രവർത്തകരും കേന്ദ്ര മന്ത്രി വി.കെ. സിങ്ങും ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമിയും ചേർന്നു സ്വീകരിച്ചു. തുരങ്കകവാടത്തിൽ കാത്തുനിന്ന ബന്ധുക്കളും നാട്ടുകാരും മധുരം വിതരണം ചെയ്തും ഭാരത് മാതാ കീ ജയ് വിളികളോടെയും സന്തോഷം പങ്കുവച്ചു.തുടർന്ന് നേരത്തേ തയാറാക്കി നിർത്തിയ ആംബുലൻസുകളിൽ തൊഴിലാളികളെ ആശുപത്രിയിലെത്തിച്ച് വിശദപരിശോധനയ്ക്കു വിധേയരാക്കി. പതിനേഴു ദിവസവും അസാധാരണ മനക്കരുത്ത് പുലർത്തിയ തൊഴിലാളികളെയും വിശ്രമമില്ലാതെ പ്രവർത്തിച്ച രക്ഷാപ്രവർത്തകരെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു.



രക്ഷാമാർഗം തുരക്കാൻ ഉപയോഗിച്ച ഓഗർ മെഷീൻ തകർന്നതോടെ പ്രതിസന്ധിയിലായ രക്ഷാപ്രവർത്തനം അവസാനഘട്ടത്തിൽ വിദഗ്ധ തൊഴിലാളികളെ ഉപയോഗിച്ചാണു പൂർത്തിയാക്കിയത്. കരസേനയുടെ എൻജിനീയറിങ് വിഭാഗത്തിൻറെ നേതൃത്വത്തിൽ അവശേഷിച്ച ഭാഗം വിദഗ്ധ തൊഴിലാളികളെ ഉപയോഗിച്ച് തുരക്കുകയായിരുന്നു. തുരങ്കത്തിൽ തൊഴിലാളികൾ കുടുങ്ങിയ ഭാഗത്തേക്ക് എത്താൻ 60 മീറ്ററോളം ദൂരത്തിൽ മണ്ണും കോൺക്രീറ്റും ചേർന്ന അവശിഷ്ടങ്ങൾ നീക്കേണ്ടിയിരുന്നു. ഇതിനുള്ളിലൂടെ ഒരാൾക്കു നൂഴ്ന്നു പോകാവുന്ന പൈപ്പ് സ്ഥാപിച്ചാണ് തൊഴിലാളികളെ പുറത്തെത്തിച്ചത്. തുടക്കത്തിൽ 0.9 മീറ്ററും പിന്നീട് 0.8 മീറ്ററും വ്യാസമുള്ള പൈപ്പുകളാണു സ്ഥാപിച്ചത്.

47 മീറ്റർ തുരന്നു പൈപ്പ് സ്ഥാപിച്ചപ്പോൾ ഓഗർ മെഷീൻ തകരുകയും ദൗത്യം കടുത്ത പ്രതിസന്ധിയിലാകുകയും ചെയ്തിരുന്നു. ഏറ്റവും സുരക്ഷിത മാർഗമെന്ന നിലയിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രക്രിയയ്ക്ക് ശ്രമം തുടർന്നു. ഹൈദരാബാദിൽ നിന്നു പ്ലാസ്മ കട്ടർ എത്തിച്ച് പൈപ്പിനുള്ളിൽ കുടുങ്ങിയ യന്ത്രഭാഗങ്ങൾ മുറിച്ചു നീക്കിയതോടെയാണ് തൊഴിലാളികളെ ഉപയോഗിച്ച് രക്ഷാമാർഗം തുരക്കുക എന്ന ആശയത്തിലേക്കെത്തിയത്. ഇന്നലെ രാവിലെ തന്നെ ദൗത്യം വിജയത്തിലേക്കടുക്കുന്നുവെന്ന പ്രതീക്ഷ ദേശീയ ദുരന്ത നിവാരണ അഥോറിറ്റി പങ്കുവച്ചിരുന്നു. അഞ്ചു മീറ്ററിൽ താഴെ മാത്രമാണു ലക്ഷ്യത്തിലേക്ക് എന്നായതോടെ രാജ്യമാകെ ആഹ്ലാദത്തിലായെങ്കിലും മുൻപു പലതവണയും അവസാന നിമിഷം വെല്ലുവിളികളുണ്ടായതിനാൽ ആശങ്ക അവസാനിച്ചിരുന്നില്ല. വൈകിട്ട് ആറരയോടെ പൈപ്പ് സ്ഥാപിക്കുന്നത് പൂർത്തിയായി. തുടർന്ന് തുരങ്കത്തിനുള്ളിൽ തൊഴിലാളികൾക്ക് പ്രാഥമിക വൈദ്യ പരിശോധന നടത്തി. ഇതിനു ശേഷമായിരുന്നു സ്ട്രെച്ചറിൽ ഓരോരുത്തരെയായി പുറത്തെത്തിച്ചത്.

# ടിക് ടോക്ക് മാതൃ കമ്പനി ബൈറ്റ്ഡാൻസിൽ കൂട്ടപിരിച്ചുവിടൽ

**കൊച്ചി:** ടിക് ടോക്കിൻറെ മാതൃ കമ്പനിയായ ബൈറ്റ്ഡാൻസ്, അതിൻറെ ഗെയ്മിങ് ഡിവിഷനായ നുവേഴ്സിൽ പിരിച്ചുവിടൽ ആരംഭിച്ചതായി റിപ്പോർട്ട്. ഇത് ഗെയ്മിങ് വിഭാഗത്തിലെ ജീവനക്കാർക്കിടയിൽ വ്യാപകമായ അനിശ്ചിതത്വം സൃഷ്ടിച്ചിട്ടുണ്ട്. നുവേഴ്സ് എന്നറിയപ്പെടുന്ന ഗെയ്മിങ് വിങ് രണ്ട് വർഷത്തെ പ്രവർത്തനത്തിനു ശേഷം അവരുടെ പ്രവർത്തനങ്ങൾ ഗണ്യമായി കുറയ്ക്കുകയാണെന്ന് ബൈറ്റ്ഡാൻസിൽ നിന്നുള്ള വക്താവ് പറയുന്നു.

സമീപകാല വിലയിരുത്തലിന് ശേഷം, ഞങ്ങളുടെ ഗെയ്മിങ് ബിസിനസ് പുനഃക്രമീകരിക്കാനുള്ള വെല്ലുവിളി നിറഞ്ഞ തീരുമാനമാണ് കമ്പനി ഇപ്പോൾ എടുത്തിരിക്കുന്നത് വക്താവ് അറിയിച്ചു.

ലോകത്തിലെ ഏറ്റവും വലിയ ഗെയ്മിങ് വിപണിയായ ചൈനയിൽ കൊവിഡ് മഹാമാരിയുടെ സമയത്ത് മൊബൈൽ ഗെയ്മിങ്ങിൻറെ ആവശ്യം കുതിച്ചുയർന്നപ്പോഴാണ് ബൈറ്റ്ഡാൻസ് ആ രംഗത്തേക്ക് പ്രവേശിക്കുന്നത്. അക്കാലയളവിൽ 400 കോടി ഡോളറിൻറെ ഇടപാടിൽ ഷാങ്ഹായ് ആസ്ഥാനമായുള്ള ഗെയ്മിങ് സ്റ്റുഡിയൊ മൂൺടോൺ ടെക്നോളജിയെ ബൈറ്റ്ഡാൻസ് ഏറ്റെടുത്തു. എന്നാൽ, കൊവിഡിന് ശേഷമുള്ള ചൈനയിലെ ഡിമാൻഡ് മാന്ദ്യവും എതിരാളികളായ ടെൻസെൻറ്, നെറ്റ് ഈസ് എന്നിവയിൽ നിന്നുള്ള കടുത്ത മത്സരവും ബൈറ്റ്ഡാൻസിന് വെല്ലുവിളികളുയർത്തി.

# അദാനി ഓഹരികളിൽ വൻ കുതിപ്പ്

**കൊച്ചി:** രാജ്യാന്തര ധന ഏജൻസിയായ ഹിൻഡൻബെർഗിൻറെ റിപ്പോർട്ടുകൾ പൂർണമായും മുഖവിലയ്ക്ക് എടുക്കാനാകില്ലെന്ന സുപ്രീം കോടതിയുടെ നിലപാടിനെ തുടർന്ന് ഇന്നലെ അദാനി കമ്പനികളുടെ ഓഹരികളിൽ ചരിത്ര മുന്നേറ്റം നടത്തി.

അമെരിക്കയിലെ ഊഹക്കച്ചവട സ്ഥാപനമായ ഹിൻഡൻബെർഗിൻറെ ഗവേഷണ റിപ്പോർട്ടിൽ അദാനി കമ്പനികൾ ഓഹരി വില ഉയർത്താൻ അക്കൗണ്ടിങ്ങിലും നിക്ഷേപത്തിലും വലിയ തട്ടിപ്പുകൾ നടത്തിയെന്ന ആരോപണത്തെ തുടർന്ന് കനത്ത പ്രതിസന്ധി നേരിട്ടിരുന്നു.എന്നാൽ ആരോപണങ്ങൾ പൂർണമായും മുഖവിലയ്ക്ക് എടുക്കാനാകില്ലെന്നും നിയന്ത്രണ ഏജൻസിയായ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഒഫ് ഇന്ത്യയുടെ റിപ്പോർട്ടാണ് ആശ്രയിക്കാൻ കഴിയുകയെന്ന് കഴിഞ്ഞ വാരം സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. ഇതിൻറെ ചുവടുപിടിച്ചാണ് ഇന്നലെ അദാനിയുടെ കമ്പനികളിൽ മികച്ചനിക്ഷേപ താത്പര്യം ലഭിച്ചത്. ഇന്നലെ മാത്രം അദാനി ഗ്രൂപ്പിലെ വിവിധ കമ്പനികളുടെ വിപണി മൂല്യത്തിൽ 1500 കോടി ഡോളറിൻറെ വർധനയാണുണ്ടായത്.




അദാനി ടോട്ടൽ ഗ്യാസിൻറെ ഓഹരികളാണ് ഇന്നലത്തെ മുന്നേറ്റത്തിന് നേതൃത്വം നൽകിയത്. കമ്പനിയുടെ ഓഹരി വില 19.62 ശതമാനം ഉയർന്ന് 642 രൂപയിലെത്തി. അദാനി ഗ്യാസിൻറെ വിപണി മൂല്യത്തിൽ ഇന്നലെ മാത്രം 67,000 കോടി രൂപയുടെ വർധനയാണുണ്ടായത്. ഇന്നലെ കമ്പനിയുടെ 50 ലക്ഷം ഓഹരികളാണ് കൈമാറ്റം ചെയ്തത്. മറ്റൊരു പ്രധാന ഗ്രൂപ്പ് കമ്പനിയായ അദാനി എനർജി സൊല്യൂഷൻസിൻറെ ഓഹരി വില ഇന്നലെ ഒരവസരത്തിൽ 13 ശതമാനം ഉയർന്ന് 824.5 രൂപയിലെത്തി.

അദാനി ഗ്രീൻ എനർജിയുടെ ഓഹരി വില എട്ടു ശതമാനം ഉയർന്ന് 1011.5 രൂപയിലെത്തി. അദാനി പവറിൻറെ ഓഹരി വില ഏഴു ശതമാനം വർധനയോടെ ഒരു വർഷത്തിനിടയിലെ ഉയർന്ന നിരക്കായ 423.15 രൂപയായി. ഗ്രൂപ്പിൻറെ കൺസ്യൂമർ ഉത്പന്ന കമ്പനിയായ അദാനി വിൽമറിൻറെ ഓഹരി വിലയിൽ ആറ് ശതമാനം മുന്നേറ്റം ദൃശ്യമായി. ഫ്ളാഗ്ഷിപ്പ് കമ്പനിയായ അദാനി എൻറർപ്രൈസസിൻറെ വിലയിലും ആറ് ശതമാനം വർധനയുണ്ടായി. അദാനി പോർട്ട്സിൻറെ വില ഇന്നലെ ആറ് ശതമാനം ഉയർന്നു.



ഡോക്ടേഴ്സ് ഒളിമ്പ്യാർഡ്

# മിന്നും താരമായി ഐ.എം.എ കൊച്ചിയുടെ ഡോ.ആൽവിൻ ആന്റണി



നാഷണൽ ഐ.എം.എയുടെ നേതൃത്വത്തിൽ വിജയവാഡയിൽ നടന്ന നാഷണൽ ഐ.എം.എ ഡോക്ടേഴ്സ് സ്പേർട്സ് ഒളിമ്പ്യാർഡിൽ100 മീറ്റർ, 200 മീറ്റർ ഓട്ടത്തിൽ വെള്ളിമെഡലും 4 ത 100 മീറ്റർ റിലേയിൽ വെങ്കല മെഡലും നേടിയ ഐ.എം.എ കൊച്ചിയുടെ ഡോ.ആൽവിൻ ആന്റണി

**കൊച്ചി:** നാഷണൽ ഐ.എം.എയുടെ നേതൃത്വത്തിൽ വിജയവാഡയിൽ നടന്ന നാഷണൽ ഐ.എം.എ ഡോക്ടേഴ്സ് സ്പേർട്സ് ഒളിമ്പ്യാർഡിൽ മിന്നും താരമായി ഐ.എം.എ കൊച്ചിയുടെ ഡോ.ആൽവിൻ ആന്റണി.

36 നും 45നും ഇടയിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ നൂറു മീറ്റർ, 200 മീറ്റർ ഓട്ടത്തിൽ വെള്ളിമെഡലും 4 ത 100 മീറ്റർ റിലേയിൽ വെങ്കല മെഡലും നേടിയാണ് എറണാകുളം, കളമശേരി മെഡിക്കൽ കോളജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ. ആൽവിൻ ആന്റണി. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഐ.എം.എകളെ പ്രതിനിധീകരിച്ച് 900 ലധികം ഡോക്ടർമാരാണ് ഐ.എം.എ ഡോക്ടേഴ്സ് സ്പേർട്സ് ഒളിമ്പ്യാർഡിൽ പങ്കെടുത്തത്.ഒക്ടോബറിൽ നടന്ന എറണാകുളം ജില്ലാ ഗസറ്റഡ് ഓഫിസേഴ്സ് സ്പോർടസ് മീറ്റിലും നൂറു മീറ്റർ, 200 മീറ്റർ ഓട്ടത്തിലും ഡോ.ആൽവിൻ ആന്റണി ജേതാവായിരുന്നു. ഡോ.അശ്വതി വർഗ്ഗീസ് ആണ് ഭാര്യ. ആഷ്‌ലിൻ, അബ്രാം എന്നിവരാണ് മക്കൾ. കൊച്ചിൻ ഐ.എം.എയുടെ അഭിമാനമായി മാറിയ ഡോ.ആൽവിൻ ആന്റണിയെ ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം.എം ഹനീഷ് ,സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ, ട്രഷറർ സച്ചിൻ സുരേഷ് എന്നിവർ അഭിനന്ദിച്ചു. ചികിൽസാ മികവിനൊപ്പം കലാ,കായിക രംഗങ്ങളിൽ ദേശീയ തലത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് തുടർന്നും ഊന്നൽ നൽകുമെന്ന് ഡോ.എം.എം ഹനീഷ് പറഞ്ഞു.

## റോസ്ഗാർ മേള നാളെ

**കൊച്ചി :** ഒൻപതാമത് ദേശീയ തല റോസ്ഗാർ മേള നാളെ നടക്കും. കേരളത്തിൽ സംഘടിപ്പിക്കപ്പെടുന്ന റോസ്ഗാർ മേള ഉച്ചയ്ക്ക് 2.30ന് എറണാകുളം ഗോകുലം കൺവെൻഷൻ സെന്ററിൽ ആരംഭിക്കും. 4 മണിക്ക് പ്രധാന മന്ത്രി നരേന്ദ്ര മോദി ഓൺലൈനായി പരിപാടി ഉദ്ഘാടനം ചെയ്യും. കേരളത്തിൽ സംഘടിപ്പിക്കപ്പെടുന്ന റോസ്ഗാർ മേളയിൽ കേന്ദ്ര സാമൂഹ്യനീതി,ശാക്തീകരണ വകുപ്പ് സഹമന്ത്രി എ.നാരായണസ്വാമിയുടെ മുഖ്യ അതിഥിയായിരിക്കും. സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് തിരുവനന്തപുരം സോൺ ചീഫ് കമ്മീഷണർ മനോജ് കുമാർ അറോറ സ്വാഗതം ആശംസിക്കും. പോസ്റ്റൽ വകുപ്പ്, ഇൻകം ടാക്സ്, പാഞ്ചാബ് നാഷണൽ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ജി.എസ്.ടി, കസ്റ്റംസ്, പൊതുമേഖല ഇൻഷുറൻസ് കമ്പനികൾ, ഐ.ഐ.ടി പാലക്കാട് എന്നിവിടങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വാഗ്ദന പത്രിക കേന്ദ്ര മന്ത്രി നേരിട്ട് നൽകും. ഇത്തവണത്തെ മേള കസ്റ്റംസിന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിക്കുന്നത്.

## ടെണ്ടർ ക്ഷണിച്ചു

**ചാലക്കുടി:** ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള തോട്ടത്തിൽ 100 ശതമാനം ജൈവരീതിയിൽ കൃഷി ചെയ്ത പച്ച കാപ്പിക്കുരുവും (25 ടൺ) പച്ച കുരുമുളകും (1.57ടൺ) ശേഖരിച്ചു കൊണ്ടുപോകുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഫോം ഓഫീസിൽ നിന്നും ലഭിക്കും. നവംബർ 30 ന് ഉച്ചതിരിഞ്ഞ് 3 മണി വരെ സംഘം ഓഫീസ്, അതിരപ്പള്ളി ട്രൈബൽ വാലി ഓഫീസ്, ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, ചാലക്കുടി സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് എന്നിവിടങ്ങളിൽ ടെണ്ടർ സ്വീകരിക്കും. ഫോൺ: 9495354798, 9446769507.




# ഐ. എഫ്. എഫ് വിമൻ ആൻഡ് കിഡ്സ് ഫാഷൻ എക്സ്പോ ; ഒരുക്കങ്ങൾ തുടങ്ങി

**കൊച്ചി:** ഇന്ത്യൻ ഫാഷൻ ഫെയർ അവതരിപ്പിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഫാഷൻ എക്സ്പോയ്ക്ക് ജനുവരിയിൽ തിരശ്ശീല ഉയരും.

ജനുവരി 9 മുതൽ 11 വരെ സിയാൽ കൺവെൻഷൻ സെന്ററിലാണ് വിമൻ ആൻഡ് കിഡ്സ് ഫാഷൻ എക്സ്പോ 2024 സംഘടിപ്പിക്കുന്നത്.

200 സ്റ്റാളുകളിലായി രാജ്യത്തെയും അന്താരാഷ്ട്ര വിപണിയിലെയും പ്രമുഖ 130 ബ്രാൻഡുകളുടെ വിസ്മയിപ്പിക്കുന്ന കലക്ഷനുകളാണ് എക്സ്പോയിൽ എത്തുന്നത്.കൊച്ചി മാരിയറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ എക്സ്പോയുടെ ലോഗോ പ്രകാശനം ഹൈബി ഈഡൻ എം പി

ബോബി ചെമ്മണ്ണൂറിന് നൽകി നിർവ്വഹിച്ചു.വൈവിധ്യമാർന്ന ബ്രാൻഡുകളുടെ ഏറ്റവും പുതിയ ട്രെൻഡുകളുടെയും പ്രദർശനം സംസ്ഥാനത്തെ ഫാഷൻ സങ്കൽപ്പങ്ങൾ പുനർ നിർവ്വചിക്കുന്നതാവുമെന്ന് ഐഎഫ്എഫ് ചെയർമാൻ സാദിക് പി പി പറഞ്ഞു.കുട്ടികളുടെയും സ്ത്രീകളുടെയും ആകർഷകമായ ഫാഷൻ ഷോകൾ, താരനിബിഡമായ അവാർഡ് നൈറ്റ്, സാംസ്കാരിക പരിപാടികൾ എന്നിവയും എക്സ്പോ സംഘടിപ്പിക്കുന്നുണ്ട്. ഫാഷനും സംസ്കാരത്തനിമയും ഒരുമിക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ബ്രാന്റഡ് ഫാഷൻ ഉത്സവമായിരിക്കും എക്സ്പോ എന്ന് ഐഎഫ്എഫ് കൺവീനർ സമീർ മൂപ്പൻ പറഞ്ഞു.ഐ.എഫ്.എഫ് ചെയർമാൻ സാദിക് പി.പി., കൺവീനർ സമീർ മൂപ്പൻ, ജോയിന്റ് കൺവീനർ ഷാനവാസ്, വൈസ് ചെയർമാൻ ഷാനിർ, പ്രോഗ്രാം ഡയറക്ടർ ഷഫീക് പി.വി., കെ ജി ഡി എ പ്രസിഡന്റ് അനന്ദ് കുമാർ പൈ, സെക്രട്ടറി ജിനോയ് വർഗ്ഗീസ് എന്നിവർ സംസാരിച്ചു. മാലിക് (കെ എം ടി ), ശങ്കരൻകുട്ടി (സ്വയംവര സിൽക്സ്), ബാരി (ഫാമിലി വെഡ്ഡിംഗ്സ്), ഷംസു, ഇർഷാദ് (ശോഭിക വെഡ്ഡിംഗ്സ്), അയൂബ് ( യെസ് ഭാരത് ) ഇഖ്ബാൽ (പൂജ വെഡ്ഡിംഗ്), സിറാജ് (പ്രീതി സിൽക്സ്), അഷ്റഫ് (വേദിക വെഡ്ഡിംഗ്സ് ), ഖിദാഷ് (ഗ്രാൻഡ് തേജസ്), ഷരീഫ് (ചെലാസ്) തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.കേരള ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെന്റ് ഡീലേഴ്സ് വെൽഫയർ അസോസ്സിയേഷൻ ( കെടിജിഎ ) സംസ്ഥാന ട്രഷറർ എം എൻ ബാബു,എറണാകുളം പ്രസിഡന്റ് കെ.ഡി ജോൺസൺ, എറണാകുളം ജനറൽ സെക്രട്ടറി നവാബ് ജാൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.കല്യാൺ സിൽക്സിന്റെ മാനേജിംഗ് ഡയറക്ടറും കെടിജിഎ സംസ്ഥാന പ്രസിഡന്റുമായ ശ്രീ. ടി.എസ്. പട്ടാഭിരാമൻ ഉദ്ഘാടനം നിർവ്വഹിച്ച കഴിഞ്ഞ വർഷത്തെ കിഡ്സ് ഫാഷൻ എക്സ്പോ വലിയ വിജയമായിരുന്നു. ഇതിന്റ ചുവടു പിടിച്ച് ഈ വർഷം വിമൻ ഫാഷൻ കൂടെ ഉൾപ്പെടുത്തി കൂടുതൽ വിപുലമായ എക്സപോയാണ് നടക്കുന്നത്.

## ഭക്ഷ്യ വ്യവസായ സംരംഭകരുടെ ദേശിയ സമ്മേളം നാളെ കുഫോസിൽ

**കൊച്ചി:** ഭക്ഷ്യവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുടെയും പ്രൊഫഷണലുകളുടെയും ദേശിയ സമ്മേളനം ഫുഡ് എന്റപ്രണേഴ്സ് കോൺക്ളേവ് 2023 നാളെ (നവംബർ 30 ന്) കൊച്ചിയിൽ നടക്കും. കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയും (കുഫോസ്) അസോസിയേഷൻ ഓഫ് ഫുഡ് സയന്റിസ്റ്റ് ആന്റ് ടെക്നോളജിസ്റ്റ്, ഇന്ത്യയും സംയുക്തമായാണ് കോൺക്ളേവ് സംഘടിപ്പിക്കുന്നത്. ഭക്ഷ്യവ്യവസായ രംഗത്തെ സ്റ്റാർട്ട് അപ്പുകൾ അടക്കമുള്ള സംരംഭകരും ഗവേഷകരും കയറ്റുമതി വ്യവസായികളും ഗവേഷകരും ശാസ്ത്രജ്ഞരും അടക്കം 300 ലധികം പേർ കോൺക്ളേവിൽ പങ്കെടുക്കും. രാവിലെ 9.30 ന് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ കുഫോസ് കോൺഫറൻസ് ഹാളിൽ കോൺക്ളേവ് ഉത്ഘാടനം ചെയ്യും. ഫുഡ് സയന്റിസ്റ്റ് അസോസിയേഷൻ കൊച്ചി ചാപ്റ്റർ പ്രസിഡന്റ് പ്രൊഫ.ടി.ഡി.നമ്പൂതിരി അധ്യക്ഷത വഹിക്കും.ഇന്ത്യൻ ഭക്ഷ്യവ്യവസായ രംഗത്തെ പ്രമുഖരായ ഡോ.രാജേശർ മാച്ചെ , ഡോ.കെ.ഗോപകുമാർ, വിനോദിനി സുകുമാർ, ചെറിയാൻ കുരിയൻ, അലക്സ് നൈനാൻ തുടങ്ങിയവർ കോൺക്ളേവിൽ സംസാരിക്കും. ഭക്ഷ്യവ്യവസായ രംഗത്ത് വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികളും പരിഹാരങ്ങളും, സമുദ്ര ഭക്ഷ്യോൽപാദനത്തിലെ പരിസ്ഥിതി സംരക്ഷണവും ലാഭസാദ്ധ്യതയും , ഭക്ഷ്യ വ്യവസായ മേഖലയിലെ സ്റ്റാർട്ട് അപ്പുകളുടെ വിജയ സാദ്ധ്യതകൾ, തുടങ്ങിയ വിഷയങ്ങളാണ് കോൺക്ളേവ് ചർച്ച ചെയ്യുന്നത്.ഭക്ഷ്യ വ്യവസായത്തിന്റെ ഭാവിയിൽ താൽപര്യമുള്ളവർക്ക് കോൺക്ളേവിൽ പങ്കെടുക്കാം.

## കളറാമ ചിത്രരചനാമത്സരം

**കൊച്ചി:** ഫോറം കൊച്ചി, ഷോപ്പേഴ്സ് സ്റ്റോപ്പ്, ഹൈ ഡിസൈൻ എന്നിവ ചേർന്ന് കളറാമ എന്ന പേരിൽ കുട്ടികളുടെ സംസ്ഥാനതല ചിത്രരചന മത്സരം സംഘടിപ്പിച്ചു.നേഷൻ ഫസ്റ്റ് ഓൾവേയ്സ് ഫസ്റ്റ് എന്ന വിഷയത്തെ ആസ്പതമാക്കി നടത്തിയ പരിപാടിയിൽ നാലു മുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികളെ മൂന്നു ഗ്രൂപ്പുകളായി തിരിച്ചായിരുന്നു മത്സരം. നാല് മുതൽ 7 വയസ്സുവരെയുള്ളവരുടെ വിഭാഗത്തിൽ ഹന്നാ ഗ്രേസ്, ഇഷാൻ ബിജി, തെന്നൽ കൃഷ്ണ, 8 11 വയസ്സുകാരുടെ ഗ്രൂപ്പിൽ ശിവപ്രിയ എസ്, മിത്ര അരവിന്ദ്, ഇഫ്രീ ജോസ്, 12 15 കാരുടെ ഗ്രൂപ്പിൽ തംമ്ന എം. എഫ്, അക്ഷയ് അനിൽ, ആദിത്യ ആനന്ദ് എന്നിവർ സമ്മാനാർഹരായി. വിജയികൾക്ക് ഒന്നര ലക്ഷം രൂപയുടെ സമ്മാനങ്ങളും സർട്ടിഫിക്കറ്റുംകളും നൽകി. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും 450 ൽ പരം കുട്ടികൾ കളറാമയിൽ പങ്കെടുത്തു.




# കേരള ജെം ആൻഡ് ജ്വല്ലറി ഷോ ഒരുക്കങ്ങൾ തുടങ്ങി

**കൊച്ചി:** കേരള ജെം ആൻഡ് ജ്വല്ലറി ഷോയുടെ പതിനാറാം പതിപ്പായ കെ.ജി.ജെ.എസ് 2023 ഡിസംബർ 1 മുതൽ 3 വരെ അങ്കമാലിയിലുള്ള ആഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ നടക്കും.സ്വർണം, വജ്രം, പ്ലാറ്റിനം, വെള്ളി , അനുബന്ധ വസ്തുക്കൾ, നൂതന ഉപകരണങ്ങളും സാങ്കേതികവിദ്യകളും എന്നിവയ്ക്കായുള്ള പവലിയനുകൾ ഉൾക്കൊള്ളുന്ന ഏകദേശം 200 സ്റ്റാളുകൾ എക്സ്പോയിൽ പ്രദർശിപ്പിക്കും.

രാജ്യത്തുടനീളമുള്ള ആഭരണ നിർമ്മാതാക്കൾ, ജ്വല്ലറി ആർട്ടിസൻസ്, പ്രമുഖ ഡിസൈനർമാർ, സാങ്കേതികവിദ്യാ സേവന ദാതാക്കൾ, മൊത്തക്കച്ചവടക്കാർ, റീട്ടെയിൽ ജ്വല്ലറികൾ അന്താരാഷ്ട്ര സ്ഥാപനങ്ങൾ തുടങ്ങിയവരാണ് മേളയിൽ എത്തുന്നത്.ജ്വല്ലറി ട്രേഡിലെ പ്രശസ്ത കൺസൾട്ടിംഗ് സ്ഥാപനമായ പി.വി.ജെ എൻഡവേഴ്സ്, ആർട്ട് ഓഫ് ജ്വല്ലറി (എ.ഒ.ജെ) മീഡിയ, കെ.എൻ സി സർവീസസ് എന്നിവയാണ് മേളയുടെ സംഘാടകർ. പ്രമുഖ ജെം ആൻഡ് ജ്വല്ലറി സംഘടനകളുടെ പ്രാതിനിധ്യം സമ്മേളനത്തിനുണ്ട്.മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ചെയർമാൻ എം.പി അഹമ്മദ്, കല്യാൺ ജ്വല്ലേഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി എസ് കല്യാണരാമൻ, ജോയ് ആലുക്കാസ് ജ്വല്ലേഴ്സ് ചെയർമാൻ ജോയ് ആലുക്കാസ്, ഭീമാ ജ്വല്ലറി ചെയർമാൻ ഡോ.ബി.ഗോവിന്ദൻ, ജോസ് ആലുക്കാസ് ചെയർമാൻ എ.വി ജോസ് എന്നിവർ ചേർന്ന് വെള്ളിയാഴ്ച വ്യാപാരമേളയുടെ ഉദ്ഘാടനം നിർവ്വഹിക്കും.ജ്വല്ലറി നിർമ്മാതാക്കളുടെയും കച്ചവടക്കാരുടെയും സമഗ്രമായ വളർച്ച ലക്ഷ്യമിട്ടാണ് വ്യാപാരമേള സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ രത്ന, ആഭരണ വിപണിയെ പുതിയ ഉയരങ്ങളിലേക്ക് ഇത് നയിക്കുമെന്ന്

പിവിജെ എൻഡവേഴ്സ് ചെയർമാൻ പി.വി ജോസ് പറഞ്ഞു.കേരളത്തിന്റെ പരമ്പരാഗത ആഭരണങ്ങൾക്ക് ആഗോള സാധ്യതകളുണ്ട്. ഇവയുടെ നിർമ്മാണ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്ന നിർണ്ണായക വേദിയാണ് കെ.ജി.ജെ.എസ് എന്ന് കെഎൻസി സർവീസസ് സി.ഇ.ഒ ക്രാന്തി നാഗ്വേകർ പറഞ്ഞു. സ്വർണം, വജ്രം, പ്ലാറ്റിനം, വെള്ളി, ചെട്ടിനാട് പരമ്പരാഗത ആഭരണങ്ങൾ എന്നിവയുടെ ശേഖരങ്ങളാണ് ഷോയുടെ പ്രധാന ആകർഷണങ്ങൾ . , കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾക്കായി പ്രചാരണ പരിപാടികളും മേളയിലുണ്ടെന്നും

കെജിജെഎസ് ഡയറക്ടറും എ.ഒ.ജെ മീഡിയ മാനേജിംഗ് ഡയറക്ടറുമായ സുമേഷ് വധേര പറഞ്ഞു.മെഷീൻ, സാങ്കേതികവിദ്യകൾ ഉപകരണ നിർമ്മാതാക്കൾ, സോഫ്റ്റ്‌വെയർ, അനുബന്ധ ഉൽപ്പന്നങ്ങൾ, പാക്കേജിംഗ്, ഡിസ്‌പ്ലേ വിദഗ്ധർ, വിവിധ സേവന ദാതാക്കൾ എന്നിവ ഉൾപ്പെടുന്ന നിർമ്മാണ മേഖലയുടെ ഒരു സമഗ്രമായ വേദി ഷോയിലുണ്ടാവും.മൊത്ത ചില്ലറ വ്യാപാരികൾ, ഇറക്കുമതിക്കാർ, കയറ്റുമതിക്കാർ, ഡയമണ്ട്, രത്നക്കല്ല് വിതരണക്കാർ, മറ്റ് അനുബന്ധ വ്യാപാരികൾ എന്നിവർക്ക് അവരുടെ ബിസിനസ്സ് ബന്ധം മെച്ചപ്പെടുത്താനും ഏറ്റവും പുതിയ വ്യവസായ രീതികൾ മനസ്സിലാക്കാനുമുള്ള മികച്ച അവസരമാണ് ബി.ടു.ബി ഷോ ഒരുക്കുന്നത്. കെജിജെഎസ് ഡയറക്ടർമാരായ പി.വി ജോസ് ,സുമേഷ് വധേര, ക്രാന്തി നാഗ്വേകർ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# വാൽവോലിൻ കമ്മിൻസ് 6 പുതിയ ബൈക്ക് എക്സ്പേർട്ട് പോയിന്റുകൾ തുറന്നു

**കൊച്ചി:** എൻജിൻ ഓയിൽ, ലൂബ്രിക്കന്റ് രംഗത്തെ ലോകത്തിലെ മുൻനിരക്കാരായ വാൽവോലിൻ കമ്മിൻസ് പ്രൈവറ്റ് ലിമിറ്റഡ് കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ ആറ് പുതിയ ബൈക്ക് എക്സ്പേർട്ട് പോയിന്റുകൾ തുറന്ന് സംസ്ഥാനത്തെ സാന്നിധ്യം വർധിപ്പിച്ചു. ഇതോടെ കമ്പനിയുടെ ബൈക്ക് എക്സ്പേർട്ട് പ്രോഗ്രാമിന് കീഴിൽ കേരളത്തിൽ ആകെ 32 ബൈക്ക് എക്സ്പേർട്ട് പോയിന്റുകളായി.

വാൽവോലിൻ കമ്മിൻസിന്റെ മുൻനിര സംരംഭമാണ് ബൈക്ക് എക്സ്പേർട്ട് പ്രോഗ്രാം. മെക്കാനിക്കുകളെ ഓൺലൈൻ ലിസ്റ്റിങ്ങുകളിലൂടെയും ഡിജിറ്റലൈസ് ചെയ്ത സിആർഎം ടൂളുകളിലൂടെയും അവരുടെ ഡിജിറ്റൽ സാന്നിധ്യം പ്രാപ്തമാക്കി, വർക്ക്ഷോപ്പിനെയും ഉപഭോക്താവിനെയും മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്നതിനാണ് ഈ പ്രത്യേക പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ബൈക്ക് ഉടമകൾക്ക് സമഗ്രമായ കവറേജും പിന്തുണയും നൽകുന്നതിനായി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, മഞ്ചേരി, പൊന്നാനി, എരമംഗലം, ചേളാരി, അരീക്കോട് തുടങ്ങിയ സ്ഥലങ്ങളിലാണ് പുതിയ ബൈക്ക് എക്സ്പേർട്ടുകൾ തുറന്നത്. ബൈക്ക് എക്സ്പേർട്ട് പ്രോഗ്രാമിന് കീഴിൽ കേരളത്തിലെ തങ്ങളുടെ വളരുന്ന ശൃംഖലയിലേക്ക് ആറ് വൈദഗ്ധ്യമുള്ള ബൈക്ക് എക്സ്പേർട്ടുകളെ സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണെന്ന് വാൽവോലിൻ കമ്മിൻസ് പ്രൈവറ്റ് ലിമിറ്റഡ് സിഎംഒ ഇപ്ഷിത ചൗധരി പറഞ്ഞു.

കേരളത്തിൽ 32 ബൈക്ക് എക്സ്പേർട്ടുകളുടെ കൂട്ടിച്ചേർക്കലും, ദേശീയതലത്തിൽ ബൈക്ക് എക്സ്പേർട്ടുകളുടെ എണ്ണം 700 കടന്നതും അതിന്റെ ശൃംഖലക്കുള്ളിൽ മികവും വൈദഗ്ധ്യവും വളർത്തിയെടുക്കാനുള്ള വാൽവോലിൻ കമ്മിൻസിന്റെ സമർപ്പണത്തിന്റെ തെളിവ് കൂടിയാണെന്നും അദ്ദേഹം പറഞ്ഞു.

# സോണി ഇന്ത്യ ഇൻസോൺ എച്ച്5 വയർലെസ് ഗെയിമിംഗ് ഹെഡ്സെറ്റ് അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ, ഗെയിമർമാരെ ലക്ഷ്യമിട്ട് ഇൻസോൺ എച്ച്5 വയർലെസ് ഹെഡ്സെറ്റ് വിപണിയിൽ അവതരിപ്പിച്ചു. 28 മണിക്കൂർ തടസ്സമില്ലാത്ത ഗെയിംപ്ലേ വാഗ്ദാനം ചെയ്യുന്ന പുതിയ മോഡൽ ഹെഡ്സെറ്റ്, വിപുലമായ പിസി ഗെയിംപ്ലേ സെഷനുകൾക്ക് ഉതകുന്നതാണെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.

ഇ-സ്പോർട്സ് ടീമായ ഫനാറ്റിക്കുമായി ചേർന്നാണ് ഇൻസോൺ എച്ച്5 വികസിപ്പിച്ചിരിക്കുന്നത്.360 സ്പേഷ്യൽ സൗണ്ടും, ത്രീഡി സൗണ്ട് പൊസിഷനിങ്ങും ഉറപ്പു നൽകുന്ന ഈ വയർലെസ് ഗെയിമിംഗ് ഹെഡ്സെറ്റിന് 260 ഗ്രാം ഭാരം മാത്രമാണുള്ളത്. മൃദുവായ ഇയർ പാഡുകളും, കനം കുറഞ്ഞ രൂപകൽപ്പനയും സവിശേഷതകളാണ്. എഐ-അധിഷ്ഠിത നോയിസ് റിഡക്ഷൻ, ബൈ റിഡക്ഷനൽ മൈക്രോഫോൺ എന്നീ ഫീച്ചറുകൾ ഉപയോഗിച്ച് ഗെയിമർമാർക്ക് വ്യക്തമായ ആശയവിനിമയം ആസ്വദിക്കാനാവും. യുഎസ്ബി ഡോംഗിളിനൊപ്പം ലോ ലേറ്റൻസി 2.4 ഗിഗാ ഹേർട്സ് വയർലെസ് കണക്ഷൻ, 28 മണിക്കൂർ വരെ കേബിളുകൾ ഇല്ലാതെ സ്വതന്ത്രമായി ഗെയിം പ്ലേ ചെയ്യാനും സഹായിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.2023 നവംബർ 30 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകളിൽ (സോണി സെന്റർ, സോണി എക്സ്ക്ലൂസീവ്), ഠഠഠ.ടവീുമേഷ.രീ പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇ-കൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിൽ ഇൻസോൺ എച്ച്5 ലഭ്യമാകും. കറുപ്പ്, വെളുപ്പ് നിറഭേദങ്ങളിൽ വരുന്ന മോഡലിന് 15,990 രൂപയാണ് വില.

# ആഡംബര നൗക ക്ലാസിക് ഇംപീരിയൽ ഉദ്ഘാടനം ഇന്ന്



**കൊച്ചി:** കേരളത്തിലെ ഏറ്റവും വലിയ ആഡംബര യാത്രാ നൗക ഇന്ന് (നവംബർ 29) ഉച്ചയ്ക്ക് 1.45 നു കൊച്ചി മറൈൻ ഡ്രൈവ് നിയോ ക്ലാസിക് ബോട്ട് ജെട്ടിയിൽ കേന്ദ്ര ഗതാഗത, ദേശീയപാത മന്ത്രി നിതിൻ ഗഡ്കരി ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

മേയർ അഡ്വ. എം അനിൽകുമാർ അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എംപി , ടി ജെ വിനോദ് എംഎൽഎ, ജിസിഡിഎ ചെയർമാൻ കെ ചന്ദ്രൻപിള്ള, കോർപ്പറേഷൻ കൗൺസിലർ മനു ജേക്കബ്, നടൻ ടിനി ടോം എന്നിവരും വിവിധ ജനപ്രതിനിധികളും രാഷ്ട്രീയ കക്ഷി നേതാക്കളും ടൂറിസം ഉൾപ്പെടെ വിവിധ മേഖലകളിലെ പ്രമുഖരും പങ്കെടുക്കുമെന്നും ആഡംബര നൗക നിർമ്മിച്ച നിയോ ക്ലാസിക് ക്രൂയിസ് ആൻഡ് ടൂർസ് പ്രൈവറ്റ് ലിമിറ്റഡ് എംഡി നിഷിജിത്ത് കെ ജോൺ അറിയിച്ചു.

# കേരളത്തിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കും

**കൊച്ചി:**കേരളത്തിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിന് എച്ച്ഡിഎഫ്സി ബാങ്ക്, കോഴിക്കോട് ഐഐഎമ്മിലെ ലബോറട്ടറി ഫോർ ഇന്നൊവേഷൻ, വെഞ്ചറിംഗ് ആൻഡ് ഓൺട്രപ്രണർഷിപ്പുമായി ധാരണാപത്രം ഒപ്പുവച്ചു.

സംരംഭക മേഖല വിപുലമാക്കുന്നതിനും നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പദ്ധതി.



# വികസിത് ഭാരത് സങ്കൽപ് യാത്രയ്ക്ക് തൃശ്ശൂർ ജില്ലയിൽ തുടക്കം

**തൃശ്ശൂർ:** കേന്ദ്ര സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന വികസിത് ഭാരത് സങ്കൽപ് യാത്രയ്ക്ക് തൃശ്ശൂർ ജില്ലയിൽ തുടക്കമായി. ചേലക്കര പ്രൈവറ്റ് ബസ്സ്റ്റാൻഡ് പരിസരത്ത് നടന്ന ചടങ്ങിൽ ചേലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.കെ പത്മജ ഉദ്ഘാടനം നിർവഹിച്ചു. വിവിധ ഗവൺമെന്റ് പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി മനസ്സിലാക്കി അവ പ്രയോജനപ്പെടുത്താൻ പൊതുജനങ്ങൾ ശ്രദ്ധിക്കണമെന്ന് അവർ അഭിപ്രായപ്പെട്ടു.

കേന്ദ്ര സർക്കാരിന്റെ വിവിധ ജനക്ഷേമ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങളാണ് യാത്രയിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നത്. ലീഡ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികൾ പരിചയപ്പെടുത്തി. വിവിധ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുള്ള ബാങ്ക് വായ്പകൾ ചടങ്ങിൽ വിതരണവും ചെയ്തു. കാർഷിക മേഖലയിൽ നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഡ്രോൺ ഉപയോഗിക്കുന്നത് പരിചയപ്പെടുത്തി. വിവിധ കേന്ദ്ര പദ്ധതികളിലെ ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

ജില്ലാ ലീഡ് ബാങ്ക് മാനേജർ മോഹന ചന്ദ്രൻ, ചേലക്കര ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സോഫിയ, ബാങ്ക് ഓഫ് ഇന്ത്യ ബ്രാഞ്ച് മാനേജർ ഫസീൽ, എഫ്.എൽ.സി കോ ഓർഡിനേറ്റർ സജി, മണ്ണുത്തി കൃഷി വിജ്ജാൻ കേന്ദ്ര അസോസിയേറ്റ് പ്രൊഫസർ ഡോ. അനീന, എഫ്.സി.ഐ മാനേജർ സജിത്ത് കുമാർ എന്നിവർ പരിപാടിയിൽ സംസാരിച്ചു.

ഇന്നത്തെ രണ്ടാമത്തെ പരിപാടി കൊണ്ടഴി പഞ്ചായത്തിലെ പാറമേപ്പടി ഗ്രാമീണ വായനശാലയിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് ശശിധരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

ലീഡ് ബാങ്ക് മാനേജർ മോഹന ചന്ദ്രൻ, മണ്ണുത്തി കൃഷി വിജ്ജാൻ കേന്ദ്ര അസോസിയേറ്റ് പ്രൊഫസർ ഡോ. അനീന, നോഡൽ ഓഫീസർ കനറാബാങ്ക് ചീഫ് മാനേജർ ജി. ശ്രീനിവാസൻ, എഫ്.സി.ഐ മാനേജർ സജിത്ത് കുമാർ, എഫ്.എ.സി.ടി പ്രതിനിധി മഞ്ജു, കൊണ്ടഴി പഞ്ചായത്ത് അക്കൊണ്ടന്റ് ബിജു, ബാങ്ക് ഓഫ് ബറോഡ ബ്രാഞ്ച് കോർഡിനേറ്റർ ആശ ഷഹനാസ് എന്നിവർ സംസാരിച്ചു.

ഉജ്ജ്വല യോജന പദ്ധതിക്കു കീഴിൽ പുതിയ പാചക വാതക കണക്ഷനുകൾ വിതരണം ചെയ്തു. ബാങ്ക് വായ്പാ വിതരണവും കർഷകർക്കായി ഡ്രോൺ ഉപയോഗം പരിചയപ്പെടുത്തലും നടന്നു.

# അമൃത കോളേജ് ഓഫ് നഴ്സിങ്ങിൽ അന്താരാഷ്ട്ര സെമിനാർ

**കൊച്ചി:** രോഗികളുടെ സുരക്ഷിത പരിചരണവും നൂതന മാർഗങ്ങളും എന്ന വിഷയത്തിൽ അമൃത കോളേജ് ഓഫ് നേഴ്സിങ്ങിൽ ദ്വിദിന അന്താരാഷ്ട്ര സെമിനാർ ആരംഭിച്ചു. കോസ്റ്റ്ഗാർഡ് കമാൻഡർ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എൻ.രവി സെമിനാർ ഉദ്ഘാടനം ചെയ്തു. അമൃത ഹോസ്പേറ്റോൽ നഴ്സിങ് ഡയറക്ടർ എം.സായിബാല മുഖ്യപ്രഭാഷണം നടത്തി.

അമൃത ആശുപത്രി സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ.പ്രതാപൻ നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ റിനൈ മെഡിസിറ്റി മെഡിക്കൽ ഡയറക്ടർ ഡോ. കൃഷ്ണനുണ്ണി പോളക്കുളത്ത്, ചെങ്കൽപട്ട് ശ്രീ രംഗ ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.അനുരാധ പിച്ചുമണി, അമൃത കോളേജ് ഓഫ് നഴ്സിങ് പ്രിൻസിപ്പൽ ഡോ. കെ.ടി മോളി, ലഫ്.കേണൽ ഡോ. കെ.എൽ അജി എന്നിവർ സംസാരിച്ചു.



അമൃത കോളേജ് ഓഫ് നേഴ്സിങ്ങിൽ ആരംഭിച്ച അന്താരാഷ്ട്ര സെമിനാർ കോസ്റ്റ്ഗാർഡ് കമാൻഡർ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എൻ.രവി ഉദ്ഘാടനം ചെയ്യുന്നു

തുടർന്ന് വിവിധ വിഷയങ്ങളിലായി നടന്ന ഹൈബ്രിഡ് ചർച്ചകൾക്കും ക്ലാസുകൾക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആരോഗ്യ വിദഗ്ധർ നേതൃത്വം നൽകി. രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വശങ്ങളെപ്പറ്റി 15 സെഷനുകളിലായി ചർച്ച ചെയ്യും.

# ബാങ്ക് ഓഫ് ബറോഡ ബറോഡ കിസാൻ പഖ്വാഡയുടെ ആറാമത് പതിപ്പ് കേരളത്തിൽ ആരംഭിച്ചു

**തിരുവനന്തപുരം:** ബാങ്ക് ഓഫ് ബറോഡ സംഘടിപ്പിക്കുന്ന ബറോഡ കിസാൻ പഖ്വാഡയുടെ ആറാമത് പതിപ്പ് കേരളത്തിൽ ആരംഭിച്ചു. രണ്ടാഴ്ച നീണ്ടു നിൽക്കുന്ന പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ച കർഷക കൂട്ടായ്മ ഭക്ഷ്യ സിവിൽ സപ്ലൈസ്, ഉപഭോക്തൃ കാര്യ ലീഗൽമെട്രോളജി വകുപ്പ് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. കർഷകന്റെ അഭിവൃദ്ധി, രാജ്യത്തിൻറെ പുരോഗതി എന്ന ആശയത്തിന്മേലാണ് കർഷക കൂട്ടായ്മ സംഘടിപ്പിച്ചത്. ബാങ്ക് ഓഫ് ബറോഡ എറണാകുളം സോണൽ മേധാവി ശ്രീജിത്ത് കൊട്ടാരത്തിൽ അധ്യക്ഷനായിരുന്നു. പത്മശ്രീ ലക്ഷ്മിക്കുട്ടി അമ്മ മുഖ്യ പ്രഭാഷണം നടത്തി. കർഷകർക്കായി വിദഗ്ധർ നയിച്ച ബോധവൽക്കരണ ക്ലാസും കാർഷിക വായ്പ വിതരണവും ഇതോടൊപ്പം നടന്നു.

മുതിർന്ന പത്ര പ്രവർത്തകൻ ജേക്കബ് ജോർജ് (മാതൃഭൂമി), നെടുമങ്ങാട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ എസ് ശ്രീജ, നെടുമങ്ങാട് മുനിസിപ്പാലിറ്റി സെക്രട്ടറി ബീന എസ് കുമാർ എന്നിവർ ആശംസാ പ്രഭാഷണം നടത്തി. ബാങ്ക് ഓഫ് ബറോഡ തിരുവനതപുരം റീജിയണൽ മേധാവി ബി സുദർശൻ, ഡെപ്യൂട്ടി റീജിയണൽ മേധാവി എം കെ ദിൽശോബ്, കർഷകശ്രീ അവാർഡ് ജേതാവ് വിനോദ്, രാഷ്ട്രപതിയുടെ പുരസ്കാര ജേതാവ് പറപ്പി അമ്മ എന്നിവർ സന്നിഹിതരായിരുന്നു. കർഷകർക്കു തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള സൗകര്യവും കൂട്ടായ്മയുടെ ഭാഗമായി ഒരുക്കിയിരുന്നു. രണ്ടാഴ്ച നീണ്ടു നിൽക്കുന്ന ബറോഡ കിസാൻ പഖ്വാഡ നവംബർ 30ന് ബറോഡ കിസാൻ ദിവസ് ആഘോഷത്തോടെ സമാപിക്കും.

രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന രണ്ടാഴ്ച നീണ്ടുനിൽക്കുന്ന അഗ്രി ഫെസ്റ്റിവലിൽ, രാജ്യത്തെമ്പാടുമുള്ള ബാങ്കിന്റെ അർദ്ധഅർബൻ, റൂറൽ, തിരഞ്ഞെടുത്ത മെട്രോ, അർബൻ ശാഖകൾ സജീവമായി പങ്കെടുക്കും. ബറോഡ കിസാൻ പഖ്വാഡയുടെ ഭാഗമായി നിരവധി ഔട്ട്റീച്ച് പരിപാടികളിലൂടെ 4 ലക്ഷം കർഷകരിലേക്കെത്താനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. ഘർഘർ കെസിസി അഭിയാൻ എന്ന പേരിൽ കിസാൻ ക്രെഡിറ്റ് കാർഡ് ഡ്രൈവ് പോലുള്ള വിവിധ സംരംഭങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും കാർഷിക ഉൽപ്പന്നങ്ങൾ, പദ്ധതികൾ/ഓഫറുകൾ, ഡെലിവറി ചാനലുകൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും ചെയ്യും.

# പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

**കൊച്ചി:** സംസ്ഥാനത്തെ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾക്ക് പഠനം നടത്തുന്ന ഒ.ബി.സി/ഇ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സി എ / സി എം എ / സി എസ് കോഴ്സുകൾ ചെയ്യുന്ന ഒ.ബി.സി,ഇ.ബി.സി ,ഒ.ഇ.സി ,ഒ.ബി.സി(എച്ച്)വിദ്യാർത്ഥികൾക്കും,സംസ്ഥാനത്തിനകത്തെ കേന്ദ്ര സ്ഥാപനങ്ങളിലെ വിവിധ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ബി.സി/ഇ.ബി.സി വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്കും പഠനം നടത്തുന്ന ഒ.ബി.സി/ഇ.ബി.സി വിദ്യാർത്ഥികൾക്കും പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനനടപ്പിലാക്കുന്ന പി എം വൈ എ എസ് എ എസ് വി ഐ (PM YASASVI-)ഒ.ബി.സി/ഇ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കായി അപേക്ഷ സമർപ്പിക്കാം.

വിദ്യാർത്ഥികൾ ഇ ഗ്രാന്റ്സ് 3 .0 പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.അപേക്ഷ സമർപ്പിക്കുന്ന അവസാന തിയതി ഡിസംബർ 15 .

വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ www.egratnz.kerala.gov.in, www.bcdd.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ എറണാകുളം മേഖലാ ആഫീസ് 0484 2983130

# കരിമീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്

**കൊച്ചി:** കൃഷി വിജ്ഞാന കേന്ദ്രയുടെ സാങ്കേതിക വിഭാഗം വികസിപ്പിച്ച ഉയർന്ന ഗുണ നിലവാരമുള്ള കരിമീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. മുൻകൂറായി ബുക്ക് ചെയ്ത് എല്ലാ മാസ ആദ്യ വ്യാഴാഴ്ച്ചയും വിതരണം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് : കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ( കെയ്കോ) അത്താണി എറണാകുളം . ഫോൺ : 04842474267.

# ലഹരിക്കെതിരെ പ്രതിരോധം ശക്തമാക്കണം

**കൊച്ചി:** സമൂഹത്തിൽ ലഹരി ഉപയോഗത്തിനെതിരെ പ്രതിരോധം ശക്തമാക്കണമെന്ന് സബ് ജഡ്ജ് രഞ്ജിത് കൃഷ്ണൻ. ലഹരി രഹിത പുകയില രഹിത വിദ്യാലയങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിൽ ലഹരി ഉപയോഗം വർദ്ധിച്ചു വരികയാണ്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ലഹരി ഉപയോഗത്തിൽ നിന്നും ഉടലെടുക്കുന്നതാണ്. പുകയില ഉൽപ്പന്നങ്ങളിൽ തുടങ്ങി സിന്തറ്റിക് ലഹരി വരെ എത്തി നിൽക്കുകയാണ് ഇന്നത്തെ ലഹരി ഉപയോഗം.

ശരാശരി 13 വയസ് പ്രായമായവർ മുതൽ ലഹരി ഉപയോഗിക്കുന്നുണ്ട്. ലഹരി ഉപയോഗത്തെ ഫലപ്രദമായി പ്രതിരോധിക്കണം. അനധികൃത വിൽപ്പനയ്ക്കെതിരെയും ഉപയോഗത്തിനെതിരെയും നിയമ നടപടികൾ ശക്തമാക്കണം. ലഹരി മാഫിയകൾ വിദ്യാലയങ്ങളിൽ പിടിമുറുക്കുന്നുണ്ടെന്നും റാക്കറ്റുകളുമായി വിദ്യാർഥികൾ ബന്ധപ്പെടുന്നുണ്ടെന്നും റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

സ്കൂൾ കോമ്പൗണ്ടിലും പരിസര പ്രദേശങ്ങളിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ അനുവദിക്കരുത്. വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസുകളും ക്യാമ്പയിനുകളും സംഘടിപ്പിക്കണം. പോലീസ്, എക്സൈസ്, ആരോഗ്യ വകുപ്പ്, വ്യാപാരി വ്യവസായി ഏകോപന സമിതി, റെസിഡൻസ് അസോസിയേഷൻ തുടങ്ങി എല്ലാ സംഘടനകളും വിവിധ വകുപ്പുകളും ലഹരിക്കെതിരെ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ലഹരി ഉപയോഗം ശാരീരിക മാനസിക ബൗധിക മണ്ഡലങ്ങളെ ബാധിക്കും. സമൂഹത്തിൽ അനധികൃത ലഹരി വിൽപ്പനകൾ നടക്കുന്നുണ്ടെന്നും അതിഥി തൊഴിലാളികൾ അമിതമായി ലഹരി ഉപയോഗിക്കുന്നുണ്ടെന്നും ശില്പശാല വിലയിരുത്തി. വിദ്യാലയങ്ങളെ ലഹരി മുക്തമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളും ചർച്ച ചെയ്തു.

ലഹരി വിരുദ്ധ നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ബി. റ്റി. എച്ച് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ശില്പശാലയിൽ കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. വി അനിൽ, അഡിഷണൽ ഡി.എം.ഒ ഡോ. കെ. ആർ രാജൻ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ സി. ആർ പത്മകുമാർ (വിമുക്തി മാനേജർ) എൻ.റ്റി.പി.സി (നാഷണൽ ടുബാക്കോ കൺട്രോൾ പ്രോഗ്രാം) കൗൺസിലർ പ്രശാന്ത് ഗോപാലൻ, വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന സെക്രട്ടറി പി. സി ജേക്കബ്, എഡ്രാർക്ക് പ്രസിഡന്റ് രംഗദാസ പ്രഭു തുടങ്ങിയവർ പങ്കെടുത്തു.

## അന്താരാഷ്ട്ര ഭിന്നശേഷി ദിനം

# ഭിന്നശേഷിക്കാർക്കായി സൗജന്യ സ്കൂബ ഡൈവിങ്

**കൊച്ചി:** അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിൽ ആദ്യമായി ഭിന്നശേഷിക്കാർക്കായി സൗജന്യ സ്കൂബ ഡൈവിങ്ങിന് അവസരം ഒരുക്കുന്നു.

അകാലിയോ പാഡി ഡൈവ് സെന്റർ, സഹൃദയ വെൽഫയർ സർവീസ്, അരൂർ റോട്ടറി ക്ലബ് എന്നിവരുടെ സഹകരണത്തോടെ ഡിസംബർ 3 നാണ് പരിപാടി സംഘടിപ്പിക്കുന്നത്. കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്ന പ്രാരംഭ പരിശീലനത്തിനു ശേഷം തമ്മനം ഒളിമ്പ്യസ് ഐറീന പൂളിൽ സ്കൂബ ഡൈവിങ്ങിന് അവസരം നൽകും. 12 മുതൽ 50 വയസു വരെ പ്രായമുള്ളവർക്ക് പങ്കെടുക്കാം.

അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ സ്കൂബ ഡൈവിങ്ങിനു രാജ്യത്ത് ആദ്യമായാണ് ഭിന്നശേഷിക്കാർക്ക് സൗജന്യ അവസരം നൽകുന്നത്. വെള്ളത്തിനടിയിൽ ഉപയോഗിക്കുന്ന ക്യാമറ ഉൾപ്പെടെ 15 ലക്ഷം രൂപ വിലവരുന്ന വിദേശ നിർമിത ഉപകരണങ്ങൾ ഉപയോഗിച്ചാണ് പരിശീലനം. വെള്ളത്തിനടിയിലെ ട്രെയിനിങ് ഉൾപ്പെടെ പൊതുജനങ്ങൾക്കു കാണുവാൻ ലൈവ് പ്രൊജക്ടർ ഡിസ്പ്ലേ സംവിധാനവും ഉണ്ടായിരിക്കും.

ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ജില്ലയിൽ ആദ്യമായി ഡിസേബിൾഡ് അഡ്വഞ്ചർ ക്ലബ്ബ് രൂപീകരിക്കും. കൂടാതെ എറണാകുളം ഡി ടി പി സി യുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ടൂറിസം കേന്ദ്രങ്ങളിലും അന്നേ ദിവസം ഭിന്നശേഷിക്കാർക്ക് സൗജന്യ പ്രവേശനം നൽകും.

ലോക ജനസംഖ്യയുടെ 15 ശതമാനത്തോളം വരുന്ന ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിനും അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുമായി രാജ്യങ്ങൾ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് എല്ലാ വർഷവും ഡിസംബർ മൂന്നിന് ലോക ഭിന്നശേഷി ദിനം ആചരിക്കുന്നത്.

ഓരോ വർഷവും ഓരോ പ്രത്യേക വിഷയം ആയിരിക്കും ഈ ദിനാചരണത്തിനായി നിർദ്ദേശിക്കപ്പെടുന്നത്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ രക്ഷപ്പെടുത്തുന്നതിനും നേടുന്നതിനുമുള്ള പ്രവർത്തനത്തിൽ ഐക്യപ്പെട്ടിരിക്കുന്നു എന്നതാണ് ഈ വർഷത്തെ ഭിന്നശേഷി ദിനാചരണത്തിന്റെ പ്രമേയം.

## മാധ്യമ അവാർഡ് 2022ന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ 2022ലെ മാധ്യമ അവാർഡിന് എൻട്രികൾ ക്ഷണിച്ചു. 2022 ജനുവരി ഒന്നിനും ഡിസംബർ 31നുമിടയിൽ പ്രസിദ്ധീകരിച്ച വികസനോൻമുഖ റിപ്പോർട്ട്, ജനറൽ റിപ്പോർട്ട്, വാർത്താചിത്രം, കാർട്ടൂൺ എന്നിവയ്ക്കും ഈ കാലയളവിൽ സംപ്രേഷണം ചെയ്ത ടിവി വാർത്താ റിപ്പോർട്ട്, ക്യാമറ, വീഡിയോ എഡിറ്റിങ്, ടിവി ന്യൂസ് പ്രസന്റർ, മികച്ച അഭിമുഖം, സാമൂഹ്യ ശാക്തീകരണ റിപ്പോർട്ട് എന്നിവയ്ക്കുമാണ് അവാർഡുകൾ നൽകുന്നത്. സമൂഹത്തിലെ ഗുണകരമായ കാര്യങ്ങളെ സ്പർശിക്കുന്നതും വികസനം, സംസ്കാരം, സാമൂഹ്യ ജീവിതം തുടങ്ങിയ രംഗങ്ങളിൽ അനുകരണീയ മാതൃകകൾ പ്രകാശിപ്പിക്കുന്നതുമായ ടിവി റിപ്പോർട്ടുകൾക്കാണ് സാമൂഹ്യ ശാക്തീകരണ റിപ്പോർട്ടിങ് അവാർഡ് നൽകുന്നത്.

വികസനോൻമുഖ റിപ്പോർട്ടിങ്, ജനറൽ റിപ്പോർട്ടിങ്, കാർട്ടൂൺ അവാർഡുകൾക്കായി അവ പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനൽ കട്ടിങ്ങിനു പുറമേ മൂന്നു പകർപ്പുകൾ കൂടി അയയ്ക്കണം. വാർത്താ ചിത്രത്തിന്റെ നാല് വലിയ പ്രിന്റുകളും ചിത്രം അച്ചടിച്ച പത്രത്തിന്റെ ഒരു കോപ്പിയും അയയ്ക്കേണ്ടതാണ്.

ടിവി വാർത്താ റിപ്പോർട്ടിൽ മലയാളം ടിവി ചാനലുകളിലെ വാർത്താ ബുള്ളറ്റിനിൽ സംപ്രേഷണം ചെയ്ത ഏഴുമിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്. ഒരു വാർത്ത പലഭാഗങ്ങളായി നൽകാതെ സമഗ്രസ്വഭാവത്തോടെ ഒരു വാർത്താ റിപ്പോർട്ടായാണ് സമർപ്പിക്കേണ്ടത്. ടിവി അവാർഡുകളിലെ എൻട്രികൾ ഡിവിഡിയിലോ (മൂന്നു കോപ്പി), പെൻഡ്രൈവിലോ നൽകാം. എൻട്രിയോടൊപ്പം ടൈറ്റിൽ, ഉള്ളടക്കം, ദൈർഘ്യം, വിവരണപാഠം എന്നിവ എഴുതി നൽകണം.

എൻട്രികൾ 2023 ഡിസംബർ 20ന് വൈകിട്ട് അഞ്ചിനകം ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിൽ ലഭിക്കണം. അവാർഡ് സംബന്ധിച്ച മാർഗരേഖ www.prd.kerala.gov.in ൽ പരിശോധിക്കാവുന്നതാണ്.

# മില്ലറ്റ് ഫെസ്റ്റിന് 2023: പ്രദർശന വിപണന മേളയ്ക്ക് ഇന്ന് തുടക്കം

**കൊച്ചി:** അന്താരാഷ്ട്ര മില്ലറ്റ് വർഷാചരണത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ പഞ്ചായത്ത്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആകാശവാണി കൊച്ചി എഫ്.എം, കുടുംബശ്രീ എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന മില്ലറ്റ് ഫെസ്റ്റ് ബുധനാഴ്ച്ച (നവംബർ 29) ആരംഭിക്കും.

മേളയുടെ ഔദ്യോഗിക ഉദ്ഘാടനം വ്യാഴാഴ്ച്ച (നവംബർ 30 ) രാവിലെ 9.30 ന് തൃക്കാക്കര മുനിസിപ്പൽ ഓപ്പൺ സ്റ്റേജിൽ ഹൈബി ഈഡൻ എംപി നിർവഹിക്കും. ഉമ തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് മുഖ്യപ്രഭാഷണം നടത്തും. ഗായിക നഞ്ചിയമ്മ മുഖ്യാതിഥിയാകും.

പ്രദർശനമേളയുടെ ഉദ്ഘാടനം തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള നിർവഹിക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിതാ റഹീം പദ്ധതി വിശദീകരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

ഇന്ന് മുതൽ വെള്ളിയാഴ്ച്ച (ഡിസംബർ1) വരെ വിപുലമായ കലാസാംസ്കാരിക പരിപാടികളോടെയാണ് പ്രദർശന വിപണനമേള നടക്കുന്നത്.

ഇന്ന് രാവിലെ 10:30ന് തൃക്കാക്കര കമ്മ്യൂണിറ്റി ഹാളിൽ ചെറുധാന്യങ്ങൾ പ്രസക്തിയും സാധ്യതകളും എന്ന വിഷയത്തിൽ കെ.വി.കെ പ്രോഗ്രാം കോ ഓഡിനേറ്റർ ഡോ. കെ.വി സുമയ്യ അവതരണം നടത്തും. തുടർന്ന് അട്ടപ്പാടി ചെറുധാന്യ എഫ്.പി.ഒ, ചിന്നാർ ചെറുധാന്യ കർഷക കൂട്ടായ്മ എന്നിവർ അനുഭവങ്ങൾ പങ്കുവയ്ക്കും. വൈകിട്ട് നാലു മുതൽ തൃക്കാക്കര മുനിസിപ്പൽ ഓപ്പൺ സ്റ്റേജിൽ അട്ടപ്പാടി ആദിവാസി കലാ സംഘത്തിന്റെ ഗോത്ര ഗീതവും വൈകിട്ട് ആറുമുതൽ ശിവരഞ്ജിനി പറവൂർ അവതരിപ്പിക്കുന്ന കൈകൊട്ടികളിയും അരങ്ങേറും.

രണ്ടാം ദിവസം രാവിലെ 11ന് ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി കാർഷിക പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കും. തുടർന്ന് മാജിക് ഷോ, മില്ലറ്റ് വിഭവങ്ങളുടെ പാചക മത്സരം എന്നിവ നടക്കും. തുടർന്ന് കോട്ടുവള്ളി കൃഷിഭവൻ ടീം, പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ സൗഹൃദയ സോഷ്യൽ വെൽഫയർ സെന്റർ, മില്ലറ്റ് സംരംഭക ബിന്ദു ഗൗരി തുടങ്ങിയവർ ചെറു ധാന്യ കൃഷിയിലെ അനുഭവങ്ങൾ പങ്കുവയ്ക്കും. വൈകിട്ട് ആറു മുതൽ മുൻസിപ്പൽ ഓപ്പൺ സ്റ്റേജിൽ നഞ്ചിയമ്മ നയിക്കുന്ന ഗാനസന്ധ്യ അരങ്ങേറും.

മൂന്നാം ദിവസം ഡിസംബർ ഒന്നിന് രാവിലെ കമ്മ്യൂണിറ്റി ഹാളിൽ വനിതകൾക്കായി മില്ലറ്റ് വിഭവങ്ങളുടെ പാചക മത്സരം നടക്കും. തുടർന്ന് കാന്തല്ലൂർ ചെറുധാന്യ കർഷക കൂട്ടായ്മ, മില്ലറ്റ് സംരംഭക പരിശീലക മിനി, കോട്ടുവള്ളിയിൽ നിന്നുള്ള ചെറുധാന്യ കർഷകൻ കൃഷ്ണൻ എന്നിവർ അനുഭവങ്ങൾ പങ്കുവയ്ക്കും. ഉച്ചകഴിഞ്ഞ് രണ്ടു മുതൽ മില്ലറ്റും ആരോഗ്യവും എന്ന വിഷയത്തിൽ ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റ് ഡോ. മുംതാസ് അവതരണം നടത്തും. വൈകിട്ട് നാലു മുതൽ സമാപന സമ്മേളനം നടക്കും.

നമ്മുടെ നാട്ടിൽ ധാരാളമായി കൃഷി ചെയ്തിരുന്നതും പോഷക ഗുണങ്ങളാൽ സമൃദ്ധമായ ചെറു ധാന്യങ്ങളെ തിരിച്ചു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് മില്ലെറ്റ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

# ഡിജിറ്റൽ എംസ്എംഇ വർക്ഷോപ്പ്

**കൊച്ചി:** ഗവണ്മെന്റ് ഓഫ് ഇന്ത്യ എംഎസ്എംഇ ഡിസി യുടെ സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിൻറെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്, ഡിജിറ്റൽ എംഎസ്എംഇ എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന വർക്ഷോപ്പ് സംഘടിപ്പിക്കുന്നു. 2023 ഡിസംബർ 2 ശനിയാഴ്ച രാവിലെ 10 മുതൽ 5 വരെയാണ് പ്രോഗ്രാം എന്റെർപ്രൈസ് ഡെവലപ്പ്മെന്റ് സെന്റർ, നാലാം നില ഇങ്കൽ ടവർ 1, ഇങ്കൽ ബിസിനസ് പാർക്ക്, അങ്കമാലി ക്യാമ്പസ്സിൽ വെച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്. നിലവിൽ സംരംഭം തുടങ്ങി പ്രവർത്തി പരിചയമുള്ള സംരംഭകർക്കും, സംരംഭക തല്പരർക്കും പരിശീലനത്തിൽ പങ്കെടുക്കാം. എംസ്എംഇകളുടെ പ്രവർത്തനം ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ആവശ്യകതയും, പ്രയോജനവും ലക്ഷ്യം വച്ച് കൊണ്ടുള്ള വർക്ക് ഷോപ്പ് ആണിത്. താൽപര്യമുള്ളവർ വെബ്സൈറ്റ് സന്ദർശിക്കുക. ംംം.സശലറ.കിളീ. അവസാന തീയതി നവംബർ കൂടുതൽ വിവരങ്ങൾക്ക് : 0484 2532890/2550322/9946942210. പ്രവേശനം സൗജന്യമാണ്.

# കുടിശ്ശിക നി4മാ4ജ്ജന അദാലത്ത് നീട്ടി

**കൊച്ചി:** കേരള ഖാദി ഗ്രാമ വ്യവസായ ബോ4ഡിൽ നിന്നും പാറ്റേൺ / സി.ബി.സി. പദ്ധതിപ്രകാരം വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ള ജില്ലയിലെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുടിശ്ശിക തീ4ക്കുന്നതിനായി നിബന്ധനങ്ങൾക്ക് വിധേയമായി പലിശ, പിഴ പലിശ കിഴിവുകളോടെ ഒടുക്കാൻ നവംബ4 30 വരെ തീയതി നീട്ടിയിട്ടുണ്ട്. ഫോൺ:04844869083.



# സഞ്ചാരികളാൽ നിറഞ്ഞ് കോവളം

**വിഴിഞ്ഞം:** റഷ്യക്കാരെയും ഉത്തരേന്ത്യക്കാരേയും കൊണ്ട് സമ്പുഷ്ടമായി കോവളം വിനോദ സഞ്ചാര കേന്ദ്രം. ബീച്ചിൻറെ കുറവും കടലിലെ അടിയൊഴുക്കും കുളിച്ച് ഉല്ലസിക്കാനെത്തുന്നവർക്ക് തടസമാകുന്നതായി ലൈഫ് ഗാർഡുകൾ. വർഷങ്ങൾക്ക് മുൻപ് ബ്രിട്ടൺ, കാനഡ, ജർമ്മനി, ഫ്രാൻസ് എന്നിവിടങ്ങളിൽ നിന്ന് സീസൻറെ തുടക്കം മുതൽ നൂറു കണക്കിനു സഞ്ചാരികൾ എത്തിയിരുന്നു.

എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി വിദേശികളുടെ വരവിൽ ഗണ്യമായ കുറവു വന്നിരുന്നു. നിലവിൽ റഷ്യക്കാരുടെ കൂട്ടമായ വരവാണ് വിദേശ സാന്നൃ ധ്യം ഉറപ്പുവരുത്തുന്നത്.

പുതുവർഷ ആഘോഷത്തിനായി കൂടുതൽ വിദേശികൾ വരുമെന്ന പ്രതീക്ഷയിലാണ് കോവളത്തെ ഹോട്ടലുകാരും റിസോർട്ടുകാരും. കേരളത്തിൽ നിന്നുള്ളവർക്കൊപ്പം ഉത്തരേന്ത്യൻ സഞ്ചാരികളുടെ വരവും ബീച്ചുകൾക്ക് ഉണർവേകുന്നുണ്ട്. ഊട്ടിയിലെ അന്താരാഷ്ട്ര സ്കൂളിലെ വിദ്യാർഥികൾ വന്നു മടങ്ങുന്ന ഒക്ടോബർ അവസാനവാരം മുതലാണ് കോവളത്തെ സീസണ് തുടക്കമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

ഇക്കുറിയെത്തിയ നൂറിൽ താഴെ വരുന്ന കുട്ടികൾ രണ്ടാഴ്ച കൊണ്ട് കോവളത്തെ ആഘോഷം മതിയാക്കി മടങ്ങിയതു സീസൻറെ തുടക്കത്തിന് മങ്ങലേൽ പ്പിച്ചിരുന്നു. എന്നാൽ ദീപാവലി ആഘോഷിക്കാൻ ഉത്തരേന്ത്യക്കാരുടെ കുത്തൊഴുക്കുണ്ടായത് ഒരിടവേളക്ക് ശേഷം തിരക്കിന് വഴിയൊക്കി.

## ചെന്നൈ മെട്രോയ്ക്ക് ഗ്രീൻ ചാംപ്യൻ പുരസ്കാരം

**ചെന്നൈ:** ഇന്ത്യൻ ഗ്രീൻ ബിൽഡിങ് കൗൺസിൽ (ഐജിബിസി) ഏർപ്പെടുത്തിയ ഗ്രീൻ ചാംപ്യൻ പുരസ്കാരത്തിന് ചെന്നൈ മെട്രോ റെയിൽ ലിമിറ്റഡിനെ (സിഎംആർഎൽ) തിരഞ്ഞെടുത്തു. ചെന്നൈ ട്രേഡ് സെന്ററിൽ നടന്ന ഗ്രീൻ ബിൽഡിങ് കോൺഗ്രസിൽ സിഎംആർഎൽ പ്രോജക്ട്സ് ഡയറക്ടർ ടി.അർജുനൻ പുരസ്കാരം ഏറ്റുവാങ്ങി.

തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ കണക്കിലെടുത്ത്, രാജ്യാന്തര തലത്തിലുള്ള ഗ്രീൻ ആപ്പിൾ പുരസ്കാരം ഉൾപ്പെടെയുള്ളവ സിഎംആർഎല്ലിനു ലഭിച്ചിട്ടുണ്ട്. കാർബൺ കുറയ്ക്കുന്നതിനുള്ള മികച്ച പ്രവർത്തനത്തിനു നൽകുന്ന 2023ലെ ഗ്രീൻ ചാംപ്യൻ പുരസ്കാരത്തിനും സിഎംആർഎല്ലിനെ തിരഞ്ഞെടുത്തിരുന്നു

## എംപ്ലോയബിലിറ്റി സെൻററിൽ അഭിമുഖം

**കൊച്ചി:** ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെൻററിൽ വ്യാഴാഴ്ച ( 30 ) രാവിലെ 10 മുതൽ വൈകിട്ട് 5 വരെ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഭിമുഖം നടത്തുന്നു.

യോഗ്യത ഡിപ്ലോമ (ഫ്രഷേഴ്സ്/എക്സ്പീരിയൻസ്ഡ്), ഡിഗ്രി/എം.ബി.എ, ഐ.ടി.ഐ/ ഡിപ്ലോമ, ഏതെങ്കിലും വിഷയത്തിൽ ബിരുദം, തമിഴ്, ഹിന്ദി ഭാഷാ പ്രാവീണ്യം അഭികാമ്യം,. ബി.ടെക്ക്/ഡിപ്ലോമ (സിവിൽ, ഇലക്ട്രിക്കൽ), പ്ലസ് ടു, ബിരുദം. പ്രായം 1835. താത്പര്യമുള്ളവർ29നകം emp.cetnreekm@gmail.com ഇമെയിലിൽ അപേക്ഷിക്കുക. ഫോൺ 04842422452, 2427494.

## തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലനം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കളമശ്ശേരി മേഖലാ കേന്ദ്രത്തിൽ ഡിസംബർ ആദ്യവാരം ആരംഭിക്കുന്ന വിവിധ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ പരിശീലന കോഴ്സുകളിലേക്ക് അപേക്ഷിക്കാം. പ്ലസ് ടു കോമേഴ്സ് യോഗ്യതയുള്ളവർക്ക് ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗിലും ,എസ്.എസ്.എൽ.സി. യോഗ്യതയുള്ളവർക്ക് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ, പൈത്തൺ പ്രോഗ്രാമിങ് , ഡാറ്റ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ എന്നീ കോഴ്സുകളിലേക്കും www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷിക്കാം.



# ദീർഘദൂര സർവീസുകളിൽ അംഗീകൃത കച്ചവടക്കാരും; ട്രെയിനിൽ ഇനി ഷോപ്പിങ്ങും

**മുംബൈ:** മധ്യറെയിൽവേയുടെ മുംബൈ ഡിവിഷനിൽ നിന്നുള്ള ദീർഘദൂര ട്രെയിനുകൾക്കുള്ളിൽ വൈകാതെ അംഗീകൃത കച്ചവടക്കാർ ഇടംപിടിക്കും. ഭക്ഷ്യവസ്തുക്കൾ, സൗന്ദര്യവർധക വസ്തുക്കൾ, പത്രമാസികകൾ, പുസ്തകങ്ങൾ, മൊബൈൽ/ലാപ്ടോപ്പ് ആക്സസറീസ്, നിത്യോപയോഗ വസ്തുക്കൾ തുടങ്ങിയ സാധനങ്ങളുമായാണ് കച്ചവടക്കാർ വരിക. ഏതാണ്ട് 500 കച്ചവക്കാർക്ക് ട്രെയിനുകളിൽ ഇടം നൽകുന്നതിനുള്ള ടെൻഡർ ഇന്നു തുറക്കും. ടെൻഡറിനു മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് മധ്യറെയിൽവേ വൃത്തങ്ങൾ അറിയിച്ചു. റെയിൽവേയുടെ ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കാൻ കൂടി ഈ സംവിധാനത്തിലൂടെ കഴിയുമെന്നാണ് പ്രതീക്ഷ.

3 വർഷത്തേക്കുള്ള ലൈസൻസ് ആണ് തിരഞ്ഞെടുക്കുന്ന കച്ചവടക്കാർക്കു നൽകുക. വിവിധ റൂട്ടുകളിലെ മെയിൽ, എക്സ്പ്രസ് ട്രെയിനുകളിലാണ് അംഗീകൃത കച്ചവടക്കാരുടെ സാന്നിധ്യം ഉണ്ടാവുക. എന്നാൽ മഹാനഗരി എക്സ്പ്രസ്, രാജധാനി, തുരന്തോ തുടങ്ങിയ പ്രീമിയം ട്രെയിനുകളെ ഒഴിവാക്കിയിട്ടുണ്ട്.

യാത്രയ്ക്കിടെ ഷോപ്പിങ് കൂടി നടത്താനുള്ള അവസരമാണ് ലഭിക്കുക. ട്രെയിനുകളിലെ അനധികൃത കച്ചവടക്കാരെ നിയന്ത്രിക്കാനും മികച്ച യാത്രാനുഭവം പ്രദാനം ചെയ്യാനും കഴിയും.

അനധികൃത കച്ചവടക്കാരെ ഒഴിപ്പിക്കാനും നടപടി സ്വീകരിക്കും. ട്രെയിനുകളിലെ മോഷണം, യാത്രക്കാർക്കു നേരെയുള്ള അതിക്രമങ്ങൾ തുടങ്ങിയ സംഭവങ്ങളിൽ അനധികൃത കച്ചവടക്കാർക്കു പങ്കുണ്ടെന്ന് ആരോപണങ്ങൾ പലപ്പോഴും ഉയരാറുണ്ട്. ഈ പശ്ചാത്തലത്തിൽ ലൈസൻസുള്ള കച്ചവടക്കാർ വരുന്നത് യാത്രക്കാർക്ക് അവശ്യസാധനങ്ങളുടെ ലഭ്യമാക്കുന്നതിനു പുറമേ സുരക്ഷിതത്വം ഉറപ്പാക്കുക കൂടി ചെയ്യുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ചൂണ്ടിക്കാട്ടി.

സംസ്ഥാനത്തെ 74 റെയിൽവേ സ്റ്റേഷനുകളിലായി ഒരു സ്റ്റേഷൻ ഒരു ഉൽപന്നം എന്ന ആശയത്തിലുള്ള 79 സ്റ്റാളുകളും ഇതിനകം തുറന്നിട്ടുണ്ട്.

ബാഗുകൾ, തുകൽ ഉൽപന്നങ്ങൾ, കൈത്തറി വസ്ത്രങ്ങൾ, മുള ഉൽപന്നങ്ങൾ, കോലാപുരി ചപ്പലുകൾ, പഴ വർഗങ്ങൾ, പപ്പടം, അച്ചാറുകൾ, അഗർബത്തി, സോപ്പ്, ഫിനൈൽ തുടങ്ങി നിരവധി സാധനങ്ങൾ ഈ സ്റ്റാളുകളിൽ നിന്നു വാങ്ങാൻ കഴിയും.

പ്രാദേശിക ഉൽപന്നങ്ങൾക്ക് വിപണി ഉറപ്പാക്കുകയും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് അധിക വരുമാനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.

കഴിഞ്ഞ വർഷം മാർച്ച് 25നാണ് സംസ്ഥാനത്ത് ഇത്തരം സ്റ്റാളുകൾക്ക് തുടക്കമിട്ടത്. ഇപ്പോൾ മിക്ക റെയിൽവേ സ്റ്റേഷനുകളിലും മികച്ച പ്രതികരണമാണ് ലഭിക്കുന്നത്.

# ഗ്ലോബൽ ആയുർവേദ ഫെസ്റ്റിൽ 700ലധികം സ്റ്റാളുകൾ

**തിരുവനന്തപുരം:** ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവലിൻറെ (ജിഎഎഫ് 2023) ഭാഗമായി ലോകത്തിലെ ഏറ്റവും വലിയ ആയുർവേദ എക്സ്പോ പവലിയൻ തയാറാകുന്നു.

2,50,000 ചതുരശ്രയടി വിസ്തൃതിയുള്ള പവലിയനിൽ ആയുഷ് വകുപ്പിൻറെയും വിവിധ സ്ഥാപനങ്ങളുടെയും ഉൾപ്പെടെ 700ലധികം സ്റ്റാളുകൾ ഉണ്ടാകും.

ഡിസംബർ ഒന്നിന് കാര്യവട്ടം ഗ്രീൻഫീൽഡ് ഇൻറർനാഷണൽ സ്റ്റേഡിയത്തിൽ ആരംഭിക്കുന്ന അഞ്ചു ദിവസത്തെ ഫെസ്റ്റിവലിൻറെ പ്രധാന ആകർഷണമായ ആയുഷ് എക്സ്പോയ്ക്ക് 10,000 ചതുരശ്രയടി വിസ്തീർണമുണ്ട്.

ആയുർവേദത്തിൻറെ ഏറ്റവും വലിയ സമ്മേളനമായ ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവലിൻറെ അഞ്ചാം പതിപ്പ് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഉദ്ഘാടനം ചെയ്യും.

ജിഎഎഫിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന ദേശീയ ആരോഗ്യമേള കേന്ദ്ര ആയുഷ് മന്ത്രി സർബാനന്ദ സോനോവാൾ ഉദ്ഘാടനം ചെയ്യും.

## മാരുതി കാറുകളുടെ വില വർധിക്കും

**മുംബൈ:** മാരുതി സുസുക്കി കാറുകളുടെ വില അടുത്ത വർഷം വീണ്ടും വർധിക്കും. ജനുവരി മുതൽ വിലവർധന പ്രാബല്യത്തിൽ വരുമെന്നു കമ്പനി ബോംബെ സ്റ്റോക് എക്സ്ചേഞ്ചിനെ അറിയിച്ചു. പണപ്പെരുപ്പത്തെത്തുടർന്നുണ്ടായ ഉത്പാദനച്ചെലവും നിർമാണവസ്തുക്കളുടെ വില??വർധനയുമാ??ണു നിരക്ക് വർധിപ്പിക്കുന്നതിനു കാരണമായി കമ്പനി ചൂണ്ടിക്കാട്ടുന്നത്.

3.54 ലക്ഷത്തിൻറെ ആൾട്ടോ മുതൽ 28.42 ലക്ഷത്തിൻറെ (ഡൽഹി എക്സ്ഷോറൂം വില) മൾട്ടിപർപ്പസ് വാഹനമായ ഇൻവിക്റ്റോ വരെയുള്ള വാഹനങ്ങൾക്ക് ഇതോടെ വില വർധിക്കും. ഓരോ കാറിനും എത്ര രൂപയുടെ വർധനയുണ്ടാകുമെന്നു വ്യക്തമല്ല. സുസുക്കി മോട്ടോഴ്സ് ഓഹരികളുടെ വില രണ്ടു ശതമാനം വർധിപ്പിക്കാൻ ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

ഈ വർഷം ഏപ്രിലിൽ മാരുതി കാറുകളുടെ വില വർധിപ്പിച്ചിരുന്നു. 1.1 ശതമാനം വില വർധനയാണ് അന്നുണ്ടായത്. വില വർധിച്ചെങ്കിലും കമ്പനിയുടെ കാർ വില്പനയിൽ കുറവുണ്ടായിട്ടില്ല. ഒക്ടോബറിൽ 1,99,217 യൂണിറ്റ് കാറുകളാ??ണു മാരുതിയുടേതായി നിരത്തിലിറങ്ങിയത്. ഇത് റിക്കാർഡാണ്. മുൻ വർഷം ഇതേ കാലയളവിനേക്കാൾ 19 ശതമാനം കൂടുതലുമാണ്. 2022 ഒക്ടോബറിൽ 1,67,520 യൂണിറ്റാണ് മാരുതി വിറ്റത്.

# ചുരുങ്ങിയ ചെലവ്, കൂടുതൽ ലാഭം ചെറുതേനീച്ച കൃഷി



കുറഞ്ഞ ചെലവിൽ വൻ ലാഭം കൊയ്യാൻ സാധിക്കുന്ന കൃഷിയാണു ചെറുതേനീച്ച കൃഷി. വൻ തേനിനേക്കാൾ ഔഷധഗുണമുള്ള ചെറുതേനിന് എപ്പോഴും നല്ല ഡിമാൻഡുമുണ്ട്.

വിറ്റാമിൻ ബി, വിറ്റാമിൻ സി, വിറ്റാമിൻ കെ എന്നിവ ധാരാളം

> കുറഞ്ഞ ചെലവിൽ വൻ ലാഭം കൊയ്യാൻ സാധിക്കുന്ന കൃഷിയാണു ചെറുതേനീച്ച കൃഷി. വൻ തേനിനേക്കാൾ ഔഷധഗുണമുള്ള ചെറുതേനിന് എപ്പോഴും നല്ല ഡിമാൻഡുമുണ്ട്. വിറ്റാമിൻ ബി, വിറ്റാമിൻ സി, വിറ്റാമിൻ കെ എന്നിവ ധാരാളം അടങ്ങിയിട്ടുള്ളതിനാൽ പ്രതിരോധശേഷി വർധിപ്പിക്കാനും ശരീരത്തിലുണ്ടാകുന്ന വ്യണങ്ങൾ ഉണങ്ങാനും ചെറുതേൻ സഹായിക്കുന്നു. പ്രമേഹരോഗികൾക്കു പോലും കഴിക്കാവുന്ന ചെറുതേൻ കാൻസർ രോഗത്തിനെതിരേ ഫലപ്രദമായി ഉപയോഗിക്കുന്ന ഔഷധമാണ്.

അടങ്ങിയിട്ടുള്ളതിനാൽ പ്രതിരോധശേഷി വർധിപ്പിക്കാനും ശരീരത്തിലുണ്ടാകുന്ന വ്യണങ്ങൾ ഉണങ്ങാനും ചെറുതേൻ സഹായിക്കുന്നു.

പ്രമേഹരോഗികൾക്കു പോലും കഴിക്കാവുന്ന ചെറുതേൻ കാൻസർ രോഗത്തിനെതിരേ ഫലപ്രദമായി ഉപയോഗിക്കുന്ന ഔഷധമാണ്. പെട്ടികളിലും പിവിസി പൈപ്പുകളിലും മൺകുടങ്ങളിലും മുളംതണ്ടിലുമൊക്കെ വളർത്താവുന്ന ചെറുതേനീച്ചകൾ വളരെ കുറഞ്ഞ അളവിൽ മാത്രമേ തേൻ ഉത്പാദിക്കൂ.

ഇന്ത്യൻ തേനീച്ച എന്നറിയിപ്പെടുന്ന വൻ തേനീച്ചകളുടെ ഒരു കൂട്ടിൽ നിന്നു വർഷം 68 കിലോ വരെ തേൻ ലഭിക്കുന്പോൾ ചെറുതേനീച്ച കൂട്ടിൽ നിന്നു ലഭിക്കുന്നതു 200 900 ഗ്രാം മാത്രം. എന്നാൽ, ഇതിനു കിലോ 1500 2000 രൂപ വരെ വിലയുണ്ട്.

പാറവിടവുകളിലും മരപ്പൊത്തുകളിലും കാണപ്പെടുന്ന ചെറുതേനീച്ചകളെ കൂടുകളിലേക്കു മാറ്റുകയാണ് ആദ്യഘട്ടം. പ്രവേശന കവാടം, മുട്ട പുഴു അറകൾ, പൂന്പൊടിതേൻ ശേഖരം എന്നീ ക്രമത്തിലാണ് കൂടിൻറെ ഘടന.

കൂടുകെട്ടുന്ന രീതിയും കൂടിൻറെ രൂപവും ആകൃതിയും തേൻ പൂന്പൊടി ശേഖരിച്ചുവയ്ക്കുന്ന രീതിയുമെല്ലാം ഏറെ വ്യത്യസ്തമാണ്.

ചെറു തേനീച്ചകൾ അടകൾ നിർമിക്കുന്നതു മെഴുകും ചെടികളിൽ നിന്നു ശേഖരിക്കുന്ന പശയും (റസിൻ) കൂട്ടിച്ചേർത്തുണ്ടാക്കുന്ന അരക്കുപോലുള്ള മിശ്രിതം കൊണ്ടാണ്.

പ്രവേശന കവാടത്തിൽ മെഴുകിൽ മണൽതരികളോ പൊടികളോ ഒട്ടിച്ചുണ്ടാക്കുന്ന കുഴലുണ്ടാകും. ഇതിനു വിവിധ ആകൃതിയും നീളവുമായിരിക്കും. കുഴലിൻറെ അഗ്രഭാഗത്ത് 56 വേലക്കാരി ഈച്ചകൾ (ഗാർഡ് ബീസ്) കാവലിനുണ്ടാകും.



മുളങ്കൂടുകളാണു ചെറുതേനീച്ച കൃഷിക്ക് ഏറ്റവും ഉത്തമം. ഏറ്റവും കൂടുതൽ പുഴു വളർത്തലും തേൻ പൂന്പൊടി ശേഖരവും ഇത്തരം കൂടുകളിലാണു നടക്കുന്നത്. തേനെടുക്കാനും ഏറ്റവും എളുപ്പം ഇതിൽ നിന്നു തന്നെ.

മുളന്തണ്ട് സമാന്തരമായി നീളത്തിൽ മുറിച്ചശേഷം രണ്ടു ഭാഗങ്ങളും കൂട്ടിച്ചേർത്ത് കന്പിയോ കയറോ ഉപയോഗിച്ചു കെട്ടിയാണു കൂടാക്കേണ്ടത്. തടിപ്പെട്ടികളും ഇതേപോലെ തന്നെ മുറിച്ച് കൂടാക്കി മാറ്റാം.

ഇത്തരം കൂടുകളിൽ വളരുന്ന ചെറു തേനീച്ചകളെ വിഭജിച്ചു പുതിയ കോളനികളുണ്ടാക്കാനും എളുപ്പമാണ്.

ഇന്ത്യൻ തേനീച്ചകളെ ആഴ്ചയിലൊരിക്കൽ കൂടു തുറന്നു പരിശോധിക്കേണ്ടി വരുന്പോൾ ചെറു തേനീച്ചകളെ പൊതുവേ തേനെടുക്കാനും വിഭജിക്കാനുമാണു തുറക്കുന്നത്.

മാർച്ച്, ഏപ്രിൽ മാസങ്ങളിൽ തേനെടുക്കാനും ഒക്ടോബർ, നവംബർ മാസങ്ങളിൽ വിഭജനത്തിനായിട്ടുമാണു കൂടുകൾ തുറക്കുന്നത്. കൂടു തുറക്കുന്പോൾ മുഖം മൂടി വയ്ക്കുന്നതു നല്ലതാണ്.

ഈ വേളയിൽ വേലക്കാരി ഈച്ചകൾ തമ്മിൽ കടിച്ചു ചാകാതിരിക്കാൻ കൂടു തുറക്കുന്നതിനു മുന്പ് അവയെ കുപ്പിയിലാക്കി സൂക്ഷിക്കുകയും തേനെടുത്തശേഷം അവയെ തിരികെ കൂട്ടിലെത്തിക്കുകയും ചെയ്യുന്നതിനു ശ്രദ്ധിക്കണം.

കോളനി കൂട്ടം പിരിഞ്ഞു നശിക്കാതിരിക്കാൻ യഥാസമയം കോളനി വിഭജിക്കേണ്ടതാണ്. നവംബർ, ഡിസംബർ മാസങ്ങളിലാണു കോളനി വിഭജിക്കാൻ ഉത്തമം. സായാഹ്നങ്ങളാണു നല്ല സമയം.

റാണി ഉള്ള അറകൾ വേണം വിഭജനത്തിന് തെരഞ്ഞെടുക്കാൻ. ആദ്യം വേലക്കാരി ഈച്ചകളെ കുപ്പികളിലേക്കു മാറ്റണം. തുടർന്നു കൂടു തുറന്നു പകുതി പുഴു അടയും പൂന്പൊടി ശേഖരവും കുറച്ച് തേൻ ശേഖരവും പുതിയ കൂട്ടിലേക്കു മാറ്റണം.

പിന്നീട് രണ്ടു കൂടും അടച്ച് സുരക്ഷിതമാക്കിയ ശേഷം പുതിയ കൂട് പഴയ കൂടിൻറെ സ്ഥാനത്ത് പ്രവേശന ദ്വാരം അതേ ദിശയിൽ വരത്തക്കവിധം തൂക്കിയിടുക.

അതിനുശേഷം രണ്ടു പെട്ടികളുടെയും വാതിൽക്കലിലേക്ക് കുപ്പി തുറന്നു വച്ച് വേലക്കാരി ഈച്ചകളെ കടത്തിവിടുക.



# ആലപ്പി അഷ്റഫിൻെറ പുതിയ ചിത്രം അടിയന്തരാവസ്ഥക്കാലത്തെ അനുരാഗം വരുന്നു

മലയാളികൾ നെഞ്ചിലേറ്റിയ ഒരുപിടി ചിത്രങ്ങൾ സമ്മാനിച്ച പ്രശസ്ത സംവിധായകൻ ആലപ്പി അഷ്റഫിൻെറ പുതിയ ചിത്രം അടിയന്തിരാവസ്ഥക്കാലത്തെ അനുരാഗം പ്രേക്ഷകരിലേക്ക്. ഒരിടവേളയ്ക്ക് ശേഷം ആലപ്പി അഷ്റഫ് ഒരുക്കുന്ന ചിത്രമാണ് അടിയന്തരാവസ്ഥക്കാലത്തെ അനുരാഗം . പേര് സൂചിപ്പിക്കുന്നതുപോലെ അടിയന്തിരാവസ്ഥക്കാലത്ത് നടക്കുന്ന ഒരു പ്രമേയമാണ് ചിത്രത്തിൻേറത്.




എന്നാൽ ആ ഒരു കാലഘട്ടം മാത്രമല്ല ചിത്രം ചർച്ച ചെയ്യുന്നതെന്ന് സംവിധായകൻ ആലപ്പി അഷ്റഫ് പറഞ്ഞു. പൗരാവകാശങ്ങൾക്ക് കൂച്ചുവിലങ്ങു വീണ ആ കാലത്തുണ്ടായ ഹൃദയഹാരിയായ ഒരു അനുരാഗത്തിൻെറ കഥയാണ് സിനിമ പറയുന്നത്. അടിയന്തരാവസ്ഥക്കാലത്തെ സാമൂഹ്യരാഷ്ട്രീയ ചുറ്റുപാടുകളും ചിത്രം ചർച്ച ചെയ്യുന്നുണ്ട്. ഒപ്പം വർത്തമാനകാല മലയാളിയുടെ ജീവിതം കൂടി ചിത്രം പരാമർശിക്കുന്നുണ്ടെന്നും സംവിധായകൻ പറഞ്ഞു. സാധാരണക്കാരായ ഒരുകൂട്ടം മനുഷ്യരുടെ ജീവിതഗന്ധിയായ കഥ കൂടിയാണ് സിനിമ പ്രേക്ഷകരുമായി പങ്കുവെയ്ക്കുന്നത്. ചിത്രത്തിൻെറ ഫസ്റ്റ് ലുക്ക് പോസ്റ്റർ മലയാളികളുടെ പ്രിയപ്പെട്ട നടൻ കുഞ്ചാക്കോ ബോബൻ തൻെറ ഫെയ്സ്ബുക്ക് പേജിലൂടെ പുറത്തുവിട്ടിരുന്നു. ഒലിവ് പ്രൊഡക്ഷൻസിൻെറ ബാനറിൽ കുര്യച്ചൻ വാളക്കുഴിയും ടൈറ്റസ് ആറ്റിങ്ങലുമാണ് ചിത്രത്തിൻെറ നിർമ്മാതാക്കൾ .


പുതുമുഖങ്ങളായ നിഹാലും ഗോപികാ ഗിരീഷുമാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങൾ.ഹാഷിം ഷാ, കൃഷ്ണ തുളസീഭായ്, മായാ വിശ്വനാഥ്, സേതുലക്ഷ്മി,കലാഭവൻ റഹ്മാൻ, ടോണി ,ഉഷ,ആലപ്പി അഷറഫ്, ഫെലിസിറ്റാ , പ്രിയൻ വാളകുഴി, അനന്തു കൊല്ലം, ജെ.ജെ. കുറ്റിക്കാട്, ഫാദർ പോൾ അമ്പുക്കൻ, മുന്ന, റിയകാപ്പിൽ, എ.കബീർ തുടങ്ങിയവരാണ് അഭിനേതാക്കൾ.

ഇതിലെ മൂന്നു പാട്ടുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് മൂന്നു സംഗീത സംവിധായകരാണ്.

അഫ്സൽ യൂസഫ്, കെ.. ജെ.ആന്റണി, ടി.എസ്.ജയരാജ് എന്നിവരാണ്ആലാപനം യേശുദാസ് ,ശ്രയാഘോഷാൽ, നജീം അർഷാദ്. ശ്വേതാമോഹൻ,ഗാനങ്ങൾ, ടൈറ്റസ് ആറ്റിങ്ങൽ,ഛായാഗ്രഹണം ബി.ടി.മണി.എ ഡിറ്റിംഗ് എൽ. ഭൂമിനാഥൻ, കലാസംവിധാനം സുനിൽ ശ്രീധരൻ, മേക്കപ്പ് സന്തോഷ് വെൺപകൽ ,കോസ്റ്റ്യൂം. ഡിസൈൻ തമ്പി ആര്യനാട് .അസോസിയേറ്റ് ഡയറക്ടർ: സോമൻ ചെലവൂർലൈൻ പ്രൊഡ്യൂസർ എ.കബീർ.പ്രൊഡക്ഷൻ കൺട്രോളർ പ്രതാപൻ കല്ലിയൂർ. വിതരണം കൃപ ഫിലിംസ് സൊല്യൂഷൻസ്കെ മൂവിസ്.പി.ആർ.ഒ പി.ആർ.സുമേരൻ.ലീഗൽ അഡ്വൈസർ അഡ്വ: പി.റ്റി.ജോസ് എറണാകുളം, മാർക്കറ്റിംഗ് ഹെഡ് ബാസിംഫോട്ടോ ഹരി തിരുമല. എന്നിവരാണ് ചിത്രത്തിന്റെ അണിയറ പ്രവർത്തകർ.

# ടി.എസ്. കല്യാണരാമൻെറ ആത്മകഥ പ്രകാശനം ചെയ്തു

**തൃശൂർ:** കല്യാൺ ജ്വല്ലേഴ്സ് സ്ഥാപകൻ ടി.എസ്. കല്യാണരാമൻെറ ആത്മകഥ ദ ഗോൾഡൻ ടച്ച് ബോളിവുഡ് മെഗാസ്റ്റാറും കല്യാൺ ജ്വല്ലേഴ്സ് ബ്രാൻഡ് അംബാസഡറുമായ അമിതാഭ് ബച്ചൻ പ്രകാശനം ചെയ്തു. പ്രകാശനച്ചടങ്ങിൽ ടി.എസ്. കല്യാണരാമൻ ആത്മകഥയുടെ ആദ്യപകർപ്പ് അമിതാഭ് ബച്ചനു കൈമാറി.




കല്യാൺ ജ്വല്ലേഴ്സിൻെറ കഥയും ടി.എസ്. കല്യാണരാമൻെറ ജീവിതവും ഒരേസമയം ലളിതവും പരസ്പരം വേർപിരിക്കാൻ കഴിയാത്തതുമാണെന്ന് പ്രകാശനം നിർവഹിച്ച് അമിതാഭ് ബച്ചൻ പറഞ്ഞു.

തൃശൂരിലെ ചെറിയ തുടക്കത്തിൽനിന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ആഭരണശൃംഖലയായി വളർന്നതിൻെറ വ്യക്തിഗതമായ വിവരണമാണ് ഈ പുസ്തകത്തിൽ.

# നിധി കമ്പനികൾക്കെതിരായുള്ള തെറ്റായ വിവരങ്ങൾ നീക്കി

**തൃശൂർ:** നിധി കമ്പനികൾക്കെതിരേ പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന തെറ്റായ പരാമർശങ്ങൾ നീക്കംചെയ്തതായി നിധി കമ്പനീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് ഡേവീസ് എ. പാലത്തിങ്കലും ജനറൽ സെക്രട്ടറി ഇ. എ. സലീഷും അറിയിച്ചു.

എൻഡിഎച്ച് 4 ഫയൽ ചെയ്യുന്നതുമായി ഉണ്ടായ നിസാരവിഷയങ്ങളുടെ പേരിൽ മിനിസ്ട്രി ഓഫ് കോർപറേറ്റ് അഫയേഴ്സ് പുറപ്പെടുവിച്ച ചില നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തെങ്കിലും ഇത് മറച്ചുവച്ചുകൊണ്ട് കേരള പോലീസിൻെറ സൈറ്റിൽ 380 നിധി കമ്പനികളുടെ പേരുകൾ പ്രസിദ്ധപ്പെടുത്തിയിരുന്നു.

ഇതിനെതിരേ അസോസിയേഷൻ കോടതി അലക്ഷ്യത്തിനു കേസ് ഫയൽ ചെയ്യുകയും വിവിധ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

